തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് വ്യാപിക്കുന്ന പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനും പനിമരണങ്ങൾ തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ- 21.06.17 ലെ സ.ഉ. (സാധാ.)നം. 2096/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്

സ.ഉ. (സാധാ.)നം.**2535/2017**/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, **22.07.2017**

വായന:-1. സ.ഉ. (സാധാ.)നം. 2096/2017/ത.സ്വ.ഭ.വ. 21.06.17

2. സ.ഉ. (സാധാ.)നം. 2111/2017/ത.സ്വ.ഭ.വ. 23.06.17

ഉത്തരവ്

മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവിലെ ഒന്നാം ഖണ്ഡിക താഴെ പറയും വിധം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

"ഗ്രാമപഞ്ചായത്തിന്റെ / നഗരസഭയുടെ/ബ്ളോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഓരോന്നിലും ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും താലൂക്ക്/ജനറൽ ആശുപത്രികളിലും ഓരോന്നിലും രണ്ട് ഡോക്ടർമാരെയും രണ്ടു പാരാമെഡിക്കൽ സ്റ്റാഫിനേയും വീതം താത്ക്കാലികമായി നിയമിക്കേണ്ടതാണ്. "

2. മേൽപ്പറഞ്ഞ ഭേദഗതിയോടെ വായനയിലെ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
മേയർ/ചെയർമാൻ/പ്രസിഡന്റ്/സെക്രട്ടറി (എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും) (പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ/ ഗ്രാമ വികസന കമ്മീഷണർ മുഖേന)
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ചെയർമാൻ, മുൻസിപ്പൽ ചെയർമെൻസ് ചേംബർ (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ, മേയേർസ് കൗൺസിൽ (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ,ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രസിഡന്റ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
നഗരകാര്യ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/ കോഴിക്കോട് (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ ആൻഡ് പബ്ളിക് റിലേഷൻസ് വകുപ്പ് (വിപുലമായ പ്രചരണത്തിന്)

പൊതുഭരണ (എസ്.സി.)വകുപ്പിന്
തദ്ദേശ സ്വയംഭരണ (ഡി.സി.)വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

നമ്പർ പി.എഫ്.5-35813/15

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം (അനക്സ്)
കെ.പി.ഇ.പി.എഫ്,
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം, തീയതി 28/07.2017

സർക്കുലർ

വിഷയം- പഞ്ചായത്ത് വകുപ്പ്- മറ്റു വകുപ്പുകളിൽ നിന്നും പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ച് കെ.പി.ഇ.പി.എഫ് അംഗത്വം നേടുന്നത് സംബന്ധിച്ച്

സൂചന- 1.ബഹു അക്കൗണ്ടന്റ് ജനറലിന്റെ 21.03.2016 ലെ എഫ്.എം.1/9-27/2015-16 /691 നമ്പർ കത്ത്

2. ഈ ആഫീസിലെ 27.04.2016 ലെ എ 3-10304/16 നമ്പർ കത്ത്.

1976 ലെ കേരളപഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് മാത്രമായി കേരളപഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളതാണ്. എന്നാൽ മറ്റ് വകുപ്പുകളിൽ ജോലിയിൽ പ്രവേശിക്കുകയും ജി.പി.എഫ് അംഗത്വം നേടിയിട്ടുള്ളതുമായ ജീവനക്കാർ പ്രസ്തുത വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചാലും കെ.പി.ഇ.പി,എഫ് അംഗത്വം നേടാതെ ജി.പി.എഫ് അക്കൗണ്ട് തന്നെ തുടർന്നു വരുന്ന സ്ഥിതി നിലവിലുണ്ട്. ഇത്തരത്തിൽ പഞ്ചായത്തുകളിൽ ജോലിചെയ്യുന്ന ജീവനക്കാർ സേവനത്തിൽ നിന്നും വിരമിക്കുന്ന അവസരത്തിൽ ടിയാളുകളുടെ ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനും പലിശകണക്കാക്കുന്നതിനും പ്രോവിഡന്റ് ഫണ്ട് ചട്ടങ്ങൾ പ്രകാരം സാങ്കേതികമായി ബുദ്ധിമുട്ട് നേരിടുന്നതായും ടി സാഹചര്യത്തിൽ മറ്റ് വകുപ്പുകളിൽ സേവനത്തിലിരിക്കെ ജി.പി.എഫ് അംഗത്വം നേടിയശേഷം പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ, 2011 ലെ ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) ചട്ടങ്ങൾ ചട്ടം 39(5) അനുശാസിക്കും പ്രകാരം ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ച് നീക്കിയിരിപ്പുള്ള തുക കെ.പി.ഇ.പി,എഫ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും സൂചന (1) കത്ത് മുഖാന്തിരം നിർദ്ദേശിച്ചിരുന്നു. ബഹു. അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതിൽ ജി.പി.എഫ് അക്കൗണ്ട് തുടർന്നു വരുന്ന ജീവനക്കാർ ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ച്

കെ.പി.ഇ.പി.എഫ് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സൂചന (2) ലെ കത്ത് മുഖാന്തിരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മറ്റ് വകുപ്പുകളിൽ നിന്നും പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന നിരവധി ജീവനക്കാർ പ്രസ്തുത വകുപ്പിൽ സേവനത്തിലിരിക്കെ നേടിയിട്ടുള്ള ജി.പി.എഫ് അംഗത്വം തന്നെ വീണ്ടും തുടർന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ടി സാഹചര്യത്തിൽ 01.01.02017 നു ശേഷം മറ്റു വകുപ്പുകളിൽ നിന്നും വിടുതൽ ചെയ്ത് പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും ജി.പി.എഫ് അംഗത്വം നേടിയിട്ടുള്ളതുമായ ജീവനക്കാർ അടിയന്തിരമായി കെ.പി.ഇ.പി.എഫ് അംഗത്വം നേടേണ്ടതും അംഗത്വം ലഭിക്കുന്നമുറക്ക് ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ച് നീക്കിയിരിപ്പുള്ള തുക കെ.പി.ഇ.പി.എഫ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനും നിർദ്ദേശിക്കുന്നു. പഞ്ചായത്ത് ഡയറക്ടറേറ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസുകൾ ,പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസുകൾ , ജില്ലാപഞ്ചായത്താഫീസുകൾ ഉൾപ്പെടെ പഞ്ചായത്ത് വകുപ്പിന്റെ എല്ലാ ആഫീസുകളിലും പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ കെ.പി.ഇ.പി.എഫ് അംഗത്വം നേടേണ്ടതാണ്.

വി.രതീശൻ .ഐ.എ.എസ്

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മാർക്കും

എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

ഇ സെക്ഷൻ/ എ സെക്ഷൻ , പഞ്ചായത്ത് ഡയറക്ടറേറ്റ്

എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ/അധികം

DIRECTOR OF PANCHAYATS ANANTHAPURAM THIRUVANANTHAPURAM Date

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ആഫീസർ

നമ്പർ: പി.എഫ്.8-3908/17

പ*ഞ്ചാ*യത്ത് ഡയറക്ടറുടെ കാര്യാലയം,
(അനക്സ്), കെ.പി.ഇ.പി.എഫ്.,
സ്വരാജ് ഭവൻ, നന്തൻകോട്,
തിരുവനന്തപുരം, തീയതി: 18.09.2017

സർക്കുലർ

വിഷയം :- പഞ്ചായത്ത് വകുപ്പ് - കെ.പി.ഇ.പി.എഫ്. - റ്റി.എ/ എൻ.ആർ.എ./ എൻ.ആർ.എ.കൺവർഷൻ/ട്രാൻസ്ഫർ ക്രെഡിറ്റ്/ ക്ളോഷർ അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ - കെ.പി.ഇ.പി.എഫ് വരിക്കാരുടെ അക്കൗണ്ടുകളിലെ അപാകതകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്-

.....

കേരളപ*ഞ്ചാ*യത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർ വിരമിച്ച് അക്കൗണ്ട് തീർപ്പാക്കി നീക്കിയിരിപ്പുള്ള തുക അനുവദിയ്ക്കു*ന്ന*തിന് സമർപ്പിക്കു*ന്ന* അപേക്ഷകൾ പരിശോധിക്കു*ന്ന* അവസരത്തിൽ ഭൂരിഭാഗം അക്കൗണ്ടുകളിലും അപാകതകൾ മൂലം യഥാസമയം അക്കൗണ്ട് തീർപ്പാക്കി തുക അനുവദിയ്ക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കു*ന്ന*ു. വരിക്കാരായ ജീവനക്കാർ തങ്ങളുടെ അക്കൗണ്ടുകളിൽ ഒടുക്കു വരുത്തു*ന്ന* തുക സംബന്ധിച്ച വിവരങ്ങളുടെ കൃത്യത പാസ്ബുക്ക്, ക്രെഡിറ്റ് കാർഡ് തുടങ്ങിയ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്താത്തത് മൂലമാണ് ഇത്തരത്തിൽ അപാകത നിലനിൽക്കു*ന്നതെന്ന്* മനസ്സിലാക്കു*ന്ന*ു. ഈ സാഹചര്യത്തിൽ ജീവനക്കാരുടെ കെ.പി.ഇ.പി.എഫ് അക്കൗണ്ടിലെ കണക്കുകളിലെ കൃത്യത ഉറപ്പു വരുത്തു*ന്ന*തിനും അക്കൗണ്ടുകൾ തീർപ്പാക്കു*ന്ന*തിനുള്ള കാലതാമസം ഒഴിവാക്കു*ന്ന*തിനും ചുവടെ പറയു*ന്ന* നിർദ്ദേശങ്ങൾ പ ുറപ്പെടുവിക്കു*ന്ന*ു. നിർദ്ദേശങ്ങൾ, ആഫീസ് മേധാവികൾ എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും അപാകതകൾ പരിഹരിക്കു*ന്ന*തിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1.2001-2002 സാമ്പത്തിക വർഷത്തിന് മുമ്പ് നിലവിലുള്ള അക്കൗണ്ടുകളിലെ പ്രാരംഭബാക്കി സംബന്ധിച്ച്

കെ.പി.ഇ.പി.എഫ് അക്കൗണ്ടുകളുടെ ക്രെഡിറ്റ് കാർഡ് 2001-02 വർഷം മുതൽ 2015-16 വരെ പ ുറപ്പെടുവിച്ചിട്ടുള്ളതും ആയത് തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിലും, പ*ഞ്ചാ*യത്ത്

ഡയറക്ടറുടെ വെബസൈറ്റിലും ലഭ്യമാണ്. 2001-02 സാമ്പത്തിക വർഷത്തിന് മുമ്പ് അക്കൗണ്ട് ആരംഭിച്ച് വരിസംഖ്യ ഒടുക്ക് വരുത്തി തുടങ്ങിയിട്ടുള്ള ജീവനക്കാർ 2001-02 വർഷത്തെ ക്രഡിറ്റ് കാർഡിൽ 2000-01 വർഷത്തെ നീക്കിയിരിപ്പ് എ*ന്ന* കോളത്തിൽ നീക്കിയിരിപ്പ് തുക ഉൾപ്പെട്ടിട്ടുണ്ട് എ*ന്ന്* ഉറപ്പു വരുത്തേണ്ടതാണ്. ഇത്തരത്തിൽ ഏതെങ്കിലും വരിക്കാരുടെ ക്രെഡിറ്റ് കാർഡിൽ നീക്കിയിരിപ്പ് ഉൾപ്പെട്ടിട്ടില്ലാത്ത പക്ഷം കെ.പി.ഇ.പി.എഫ് അക്കൗണ്ടിന്റെ പാസ്ബുക്ക് സഹിതം പ്രാരംഭ ബാക്കി തിട്ടപ്പെടുത്തി അക്കൗണ്ടിൽ ഉൾപ്പെടുത്തു*ന്ന*തിന് പ*ഞ്ചാ*യത്ത് ഡയറക്ടർക്ക് ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. <u>അടവാക്കിയ വരിസംഖ്യ / ലോൺ തിരിച്ചടവ് / ക്ഷാമബത്ത കുടിശ്ശിക/ ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവ അക്കൗണ്ടിൽ ഉൾപ്പെട്ടുവരാത്തത് സംബന്ധിച്ച്.</u>

കെ.പി.ഇ.പി.എഫിൽ അംഗത്വം എടുത്ത് വരിസംഖ്യ ഒടുക്കുവരുത്തുന്ന ജീവനക്കാർ 2001-02 വർഷം മുതലുള്ള ഓരോ വർഷത്തെയും കെഡിറ്റ് കാർഡുകൾ തങ്ങളുടെ പാസ്ബുക്ക്/ ആഫീസ് രേഖകൾ എന്നിവയുമായി ഒത്തുനോക്കി വരിസംഖ്യ/ താൽക്കാലിക വായ്പ തിരിച്ചടവ് തുക/ ക്ഷാമബത്ത കുടിശ്ശിക / ശമ്പള പരിഷ്കരണകുടശ്ശിക എന്നിവ അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരത്തിൽ അക്കൗണ്ടിൽ അടവാക്കിയ എതെങ്കിലും തുക കെഡിറ്റ് കാർഡിൽ ഉൾപ്പെട്ടുവരാത്ത സംഗതിയിൽ തുക ഒടുക്കുവരുത്തിയ ചെലാൻ, ഷെഡ്യൂൾ എന്നിവയോ ചെലാൻ ലഭ്യമാകാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ട്രഷറിയിൽ നിന്നുള്ള റമിറ്റൻസ് സർട്ടിഫിക്കറ്റ്, ഷെഡ്യൂൾ എന്നിവ സഹിതവും അപേക്ഷ സമർപ്പിച്ച് തുക അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുക കെ.പി.ഇ.പി.എഫ് കണക്ക് ശീർഷകമായ 8009-01-101-93 എന്നതിനുപകരം ജി.പി.എഫ് കണക്ക് ശീർഷകമായ 8009-01-101-99 എന്നതിലേക്ക് തെറ്റായി ഒടുക്കുവരുത്തുന്ന സംഗതിയിൽ ബന്ധപ്പെട്ട ട്രഷറി ആഫീസർക്ക് ആഫീസ് മേധാവി മുഖേന കത്ത് നൽകി ടി തുകയുടെ ട്രാൻസ്ഫർ എൻട്രി നം., തുക തീയതി എന്നിവ അക്കൗണ്ടന്റ് ജനറൽ ആഫീസ് മുഖേന ലഭ്യമാക്കി തുക അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ ക്രെഡിറ്റ് കാർഡ് പരിശോധിച്ച് തങ്ങൾ ഒടുക്കുവരുത്തിയിട്ടില്ലാത്ത എതെങ്കിലും തുക തെറ്റായി അക്കൗണ്ടിൽ ഉൾപ്പെട്ടു വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം രേഖാമൂലം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ച് ടി തുക കുറവ് വരുത്തുന്നതിനുള്ള നടപടിയും ജീവനക്കാർ സ്വീകരിക്കേണ്ടതാണ്.

3.<u>താൽക്കാലിക വായ്പ/ തിരിച്ചയ്ക്കേണ്ടിതില്ലാത്ത വായ്പ എന്നിവ അക്കൗണ്ടിൽ ഉൾപ്പെടാത്തത് സംബന്ധിച്ച്</u>

ജീവനക്കാർ താൽക്കാലിക വായ്പ/ തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പ എ*ന്ന*ീ ഇനത്തിൽ അക്കൗണ്ടിൽ നി*ന്ന*ും പിൻവലിക്കു*ന്ന* തുക പ്രസ്തുത വർഷത്തെ കെഡിറ്റ് കാർഡിൽ പിൻവലിച്ച തുക എ*ന്ന* കോളത്തിൽ ഉൾപ്പെട്ടുവ*ന്ന*ിട്ടുണ്ടെ*ന്ന*ും തുകയുടെ കൃത്യതയും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരത്തിൽ വായ്പ തുക കുറവു വരുത്താത്ത സംഗതിയിൽ പ്രസ്തുത വിവരം യഥാസയമം രേഖകൾ സഹിതം അക്കൗണ്ട്സ് ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും വായ്പ തുക കുറവ് വരുത്തു*ന്ന*തിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. അതുപോലെ ഏതെങ്കിലും ജീവനക്കാരുടെ അക്കൗണ്ടിൽ നി*ന്ന*ും തങ്ങൾ പിൻവലിച്ചിട്ടില്ലാത്ത തുക തെറ്റായി പ

ിൻവലിച്ചതായി കാണുന്നുണ്ടെങ്കിൽ പ്രസ്തുത വിവരവും രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തി അക്കൗണ്ട് ക്രമീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

4.താൽക്കാലികവായ്പ അനുവദിയ്ക്കുന്നത് സംബന്ധിച്ച്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങൾക്ക് അനുവദനീയമായ പരിധിയിലുള്ള താൽക്കാലിക വായ്പ അനുവദിയ്ക്കുന്ന സംഗതികളിൽ അപേക്ഷകന് മുമ്പ് താൽക്കാലിക വായ്പ അനുവദിച്ചിട്ടുണ്ടെങ്കിൽ വായ്പയുടെ നിശ്ചിത നിരക്കിലുള്ള തിരിച്ചടവ് യഥാവിധി തുടരുന്നുണ്ടെന്ന് പാസ്ബുക്ക് രേഖകൾ എന്നിവ പരിശോധിച്ച് ഉറപ്പ്വരുത്തിയ ശേഷം മാത്രം വായ്പ അനുവദിയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ താൽക്കാലിക വായ്പയുടെ തിരിച്ചടവ് തവണ അനുവദിയ്ക്കുമ്പോൾ ജീവനക്കാർ വിരമിക്കുന്ന മാസത്തിനുള്ളിൽ തിരിച്ചടവ് പൂർത്തീകരിക്കുന്ന തരത്തിൽ തവണ ക്രമീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

5. താൽക്കാലിക വായ്പ തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി പരിവർത്തനം ചെയ്യുന്നതിനുള്ള അപേക്ഷകൾ സംബന്ധിച്ച്.

ജീവനക്കാർ താൽക്കാലിക വായ്പ തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി പരിവർത്തനം ചെയ്യാനായി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് പാസ്ബുക്കിൽ അപേക്ഷാ തീയതി വരെയുള്ള അക്കൗണ്ടിലെ വരിസംഖ്യ, വായ്പ തിരിച്ചടവ്, ക്ഷാമബത്ത കുടിശ്ശിക, ശമ്പളപരിഷ്കരണകുടിശ്ശിക എന്നിവയുടെ അടവുകൾ സംബന്ധിച്ച വിവരം കാലികമാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ സ്ഥാപന ആപ്ലിക്കേഷനിൽ ഓൺലൈൻ ഡേറ്റാ എൻട്രി വരുത്തി മുകൾത്തലത്തിലേക്ക് അയച്ചു എന്ന് സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതുമാണ്. അതുപോലെ താൽക്കാലിക വായ്പയെ തിരിച്ചയ്ക്കണ്ടതില്ലാത്ത വായ്പയായി പരിവർത്തനം ചെയ്യുന്നതിന് അപേക്ഷിക്കുമ്പോൾ പ്രസ്തുത അപേക്ഷ പഞ്ചായത്ത് ഡയറക്ടർ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയും നിശ്ചിത നിരക്കിലുള്ള താൽക്കാലികവായ്പ തിരിച്ചടവ് തുടരുന്നുണ്ട് എന്ന് ആഫീസ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതുമാണ്.

6. പഞ്ചായത്ത് വകുപ്പിൽ സേവനമനുഷ്ഠിച്ചശേഷം മറ്റ് വകുപ്പുകളിൽ ജോലിലഭിച്ച് വിടുതൽ ചെയ്ത് പോകുന്ന ജീവനക്കാരുടെ അക്കൗണ്ട് തീർപ്പാക്കി തുക ജി.പി.എഫ് / മറ്റ് പ്രോവിഡന്റ് ഫണ്ടുകളിലേക്ക് മാറ്റുന്നത് സംബന്ധിച്ച്.

പഞ്ചായത്ത് വകുപ്പിൽ സേവനം അനുഷ്ഠിച്ച് കെ.പി.ഇ.പി.എഫ് അംഗത്വം നേടി വരിസംഖ്യ ഒടുക്കി വരുന്ന ജീവനക്കാർ മറ്റ് വകുപ്പുകളിൽ ജോലി ലഭിച്ച് വിടുതൽ ചെയ്തു പോകുന്ന സംഗതിയിൽ അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയ്ക്ക് വിടുതൽ ചെയ്യുന്ന മാസം മുതൽ 12 മാസക്കാലത്തേക്ക് മാത്രമേ ചട്ടപ്രകാരം പലിശ അനുവദനീയമായിട്ടുള്ളൂ. എന്നാൽ ഇത്തരത്തിൽ ജീവനക്കാരും വിടുതൽ ചെയ്ത് നിരവധി വർഷങ്ങൾക്ക് ശേഷം അക്കൗണ്ട് തീർപ്പാക്കി തുക മാറ്റുന്നതിന് അപേക്ഷ സമർപ്പിക്കുകയും അനുവദനീയമല്ലാത്ത പലിശ ആവശ്യപ്പെട്ട് നിയമ നടപടിയിലേക്ക് പോകുന്ന സാഹചര്യം പലപ്പോഴും ഉണ്ടാകുന്നുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിന് ഇത്തരത്തിൽ കെ.പി.ഇ.പി.എഫ് വരിസംഖ്യ ഒടുക്കിവരുന്ന ജീവനക്കാർ വിടുതൽ ചെയ്യുന്ന അവസരത്തിൽ, മറ്റ് വകുപ്പുകളിൽ, ജി.പി.എഫ് / മറ്റ് പ്രോവഡന്റ്

ഫണ്ടുകളിൽ അംഗത്വം ലഭിച്ചാലുടൻ തന്നെ (പരമാവധി 1 വർഷം) കെ.പി.ഇ.പി.എഫ് അംഗത്വം അവസാനിപ്പിച്ച് നീക്കിയിരിപ്പുള്ള തുക മാറ്റുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് രേഖാമൂലം നിർദ്ദേശം നൽകേണ്ടതാണ്.

7.കേരളപഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർ വിരമിച്ച് അക്കൗണ്ട് തീർപ്പാക്കുന്നത് സംബന്ധിച്ച്.

1976 ലെ കെ.പി.ഇ.പി.എഫ് ചട്ടപ്രകാരം വരിക്കാരായ ജീവനക്കാർ സേവനത്തിൽ നിന്നും വിരമിക്കുന്നതിന് 6 മാസം ശേഷിക്കെ വരിസംഖ്യ ഒടുക്കുന്നത് അവസാനിപ്പിക്കാവുന്നതും വിരമിക്കുന്നതിന് 3 മാസം ശേഷിക്കെ അക്കൗണ്ട് തീർപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിയ്ക്കേണ്ടതുമാണ്. ജീവനക്കാർ വിരമിച്ച് അക്കൗണ്ട് തീർപ്പാക്കി നീക്കിയിരിപ്പുള്ള തുക അനുവദിയ്ക്കുന്നതിന് അപേക്ഷകൾ സമർപ്പിക്കുമ്പോൾ, പി.എഫ്. പാസ്സ്ബുക്ക് പരിശോധിച്ച് അവസാന അവെ വരെയുള്ള ഓൺ ലൈൻ ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും/ പിൻവലിക്കുന്ന തുക അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. 2001-02 മുതലുള്ള ക്രെഡിറ്റ് കാർഡ് പാസ്സ് ബുക്കുമായി ഒത്തു നോക്കി മിസ്സിംഗ് ക്രെഡിറ്റ് ഇല്ലായെന്ന് ഉറപ്പു വരുത്തേണ്ടതും മിസ്സിംഗ് ക്രെഡിറ്റ് ഉള്ളപക്ഷം പ്രസ്തുത തുകകളുടെ ചെലാൻ ഷെഡ്യൂൾ/റെമിറ്റൻസ് സർട്ടിഫിക്കറ്റ് സഹിതം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലേയ്ക്ക് സമർപ്പിക്കേണ്ടതും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫിസിൽ മേൽ സംഗതികൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കിയശേഷം മാത്രമെ ഈ ആഫിസിലേയ്ക്ക് ഫോർവേഡ് ചെയ്യാൻപാടുള്ളൂ എന്നും അറിയിക്കുന്നു. അതുപോലെ ക്രെഡിറ്റ് കാർഡ് പരിശോധിച്ച് തങ്ങൾ ഒടുക്കുവരുത്തിയിട്ടില്ലാത്ത എതെങ്കിലും തുക തെറ്റായി അക്കൗണ്ടിൽ ഉൾപ്പെട്ടു വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം രേഖാമൂലം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ച് ടി തുക കുറവ് വരുത്തുന്നതിനുള്ള നടപടിയും ജീവനക്കാർ സ്വീകരിക്കേണ്ടതാണ്.

8. സേവനത്തിലിരിക്കെ മരണപ്പെട്ടുപോകുന്ന ജീവനക്കാരുടെ അക്കൗണ്ട് തീർപ്പാക്കുന്നത് സംബന്ധിച്ച്.

സേവനത്തിലിരിക്കെ മരണപ്പെട്ടുപോകുന്ന ജീവനക്കാരുടെ സംഗതിയിൽ ജീവനക്കാരൻ മരണപ്പെട്ടു വർഷങ്ങൾ കഴിഞ്ഞാലും നീക്കിയിരുപ്പുള്ള തുക അനന്തരാവകാശികൾക്ക് ലഭ്യമാക്കുന്നതിന്, അപേക്ഷ സമർപ്പിയ്ക്കാത്തതും അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖകൾ ഹാജരാകാത്തതും മൂലം പലപ്പോഴും അക്കൗണ്ട് തീർപ്പാക്കുന്നതിന് വളരെയധികം കാലതാമസം നേരിടുകയും തന്മൂലം ടി ജീവനക്കാരന്റെ അവകാശികൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതിനും ആയത് പരാതികൾക്ക് വഴിതെളിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ആകയാൽ സേവനത്തിലിരിക്കെ മരണപ്പെട്ടുപോകുന്ന ജീവനക്കാരുടെ സംഗതിയിയിൽ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകക്ക് 6 മാസക്കാലത്തേക്ക് മാത്രമേ പലിശ അനുവദിയ്ക്കുവെന്നുള്ളതിനാൽ പ്രസ്തുത കാലയളവിനുള്ളിൽ തന്നെ നീക്കിയിരിപ്പുള്ള തുക ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് അനന്തരാവകാശികൾക്ക് ബന്ധപ്പെട്ട

സ്ഥാപനമേധാവി രേഖാമൂലം നിർദ്ദേശം നൽകേണ്ടതാണ്, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ച വ്യക്തമായ വിവരം അനന്തരാവകാശികൾക്ക് നൽകേണ്ടതും അപേക്ഷയോടൊപ്പം ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതുമാണ്. ഇത്തരം അപേക്ഷകളിലും മേൽ ഖണ്ഡിക (7) ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

9. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന കേരളപഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാരുടെ അടവുകൾ സംബന്ധിച്ച്.

പഞ്ചായത്ത് വകുപ്പിൽ സേവനം അനുഷ്ഠിച്ച് കെ.പി.ഇ.പി.എഫ് അംഗത്വം നേടി വരിസംഖ്യ ഒടുക്കി വരുന്ന ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരും 2001-02 വർഷം മുതലുള്ള ഓരോ വർഷത്തെയും കെഡിറ്റ് കാർഡുകൾ തങ്ങളുടെ പാസ്ബുക്ക്/ ആഫീസ് രേഖകൾ എന്നിവയുമായി ഒത്തുനോക്കി വരിസംഖ്യ/ താൽക്കാലിക വായ്പ തിരിച്ചടവ് തുക/ ക്ഷാമബത്ത കുടിശ്ശിക / ശമ്പള പരിഷ്കരണ കുടശ്ശിക/ പിൻവലിക്കുന്ന തുക എന്നിവ അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

10. അക്കൗണ്ടു തീർപ്പാക്കാൻ അപേക്ഷ സമർപ്പിച്ച ശേഷവും അക്കൗണ്ടുകളിൽ തുക ഒടുക്കു വരുത്തുന്നത് സംബന്ധിച്ച്

സേവനത്തിൽ നിന്നും വിരമിക്കുന്നതും വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് പോകുന്നതുമായ ജീവനക്കാരുടെ അക്കൗണ്ട് തീർപ്പാക്കുന്നതിന് അപേക്ഷ സമർപ്പിച്ച ശേഷവും പ്രസ്തുത അക്കൗണ്ടുകളിലേക്ക് കുടിശ്ശികക്ഷാമബത്ത, ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവ അശ്രദ്ധമായി ഒടുക്കു വരുത്തുന്ന പ്രവണത പലപ്പോഴും ഉണ്ടാകുന്നുണ്ട്. അക്കൗണ്ട് അന്തിമമായി തീർപ്പാക്കി നീക്കിയിരിപ്പുള്ള തുക അനുവദിയ്ക്കുന്നതിന് ട്രഷറികൾക്ക് അധികാരപത്രം നൽകി കഴിഞ്ഞശേഷവും അതുപോലെ വകുപ്പിൽനിന്നും വിടുതൽ ചെയ്തുപോയിട്ടുള്ള ജീവനക്കാരുടെ ജീ.പി.എഫ് അക്കൗണ്ടിലേക്ക് തുക മാറ്റികഴിഞ്ഞശേഷവും പ്രസ്തുത അക്കൗണ്ടുകളിൽ ഒടുക്കുവരുത്തുന്ന തുകയ്ക്ക് വീണ്ടും അധികാരപത്രം നൽകാൻ സാങ്കേതികമായി കഴിയില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. ആകയാൽ അക്കൗണ്ട് തീർപ്പാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അനുവദനീയമായിട്ടുള്ള കുടിശ്ശിക ക്ഷാമബത്ത, ശമ്പളപരിഷ്കരണകുടിശ്ശിക എന്നിവ ഒടുക്കുവരുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ജീവനക്കാരൻ മുമ്പ് സേവനം അനുഷ്ഠിച്ചിരുന്ന ആഫീസുകളിൽ ഇത്തരത്തിൽ വരിസംഖ്യ തുക /കുടിശ്ശിക ക്ഷാമബത്ത / ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവ ഒടുക്കുവരുത്താൻ ശേഷിക്കുന്നുണ്ടെങ്കിൽ അക്കൗണ്ട് തീർപ്പാക്കുന്നതിന് മുമ്പ് തുക ഒടുക്കുവരുത്തുന്നതിന് അറിയിപ്പ് രേഖാമൂലം നൽകേണ്ടതുമാണ്. അതുപോലെ അക്കൗണ്ട് തീർപ്പാക്കാൻ അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ പ്രസ്തുത വിവരം ഇത്തരത്തിൽ കുടിശ്ശിക ഒടുക്കുവരുത്താൻ ശേഷിക്കുന്ന ആഫീസുകൾ ഉണ്ടെങ്കിൽ ആഫീസ്മേധാവിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ആകയാൽ കുടിശ്ശിക ക്ഷാമബത്ത, ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവ ഒടുക്കുവരുത്തുന്ന അവസരത്തിൽ വിരമിച്ചിട്ടുള്ളതും വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് പോയിട്ടുള്ളതും അക്കൗണ്ട് തീർപ്പാക്കിയിട്ടുള്ളതുമായ ജീവനക്കാരുടെ അക്കൗണ്ടിൽ

തുക ഒടുക്കുവരുത്തുന്നില്ലായെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർ കർശനമായ ജാഗ്രത പാലിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ജീവനക്കാരുടെ ജാഗ്രതക്കുറവ് മൂലം തീർപ്പാക്കിയ അക്കൗണ്ടുകളിൽ തുക ഒടുക്കുവരുത്തുകയും പ്രസ്തുത തുക ജീവനക്കാരന് ലഭ്യമാക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ടി തുക ലഭ്യമാക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം തുക ഒടുക്കുവരുത്തിയ ജീവനക്കാർക്കായിരിക്കുമെന്നുള്ള വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർമാർ നടത്തുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗത്തിൽ പ്രസ്തുത വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തി നിർദ്ദേശങ്ങൾ നടപ്പാലാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ശ്രീമതി.മേരിക്കുട്ടി, ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ.

പകർപ്പ്:-

1) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും.(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം).
3) എല്ലാ പെർഫോർമെൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും (പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തിരം)
4) എല്ലാ സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം).
5) ജൂനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ.
6) ജൂനിയർ സൂപ്രണ്ട്, ഇ സെക്ഷൻ.
7) കരുതൽ/അധികം.

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

അക്കൗണ്ട്സ് ആഫീസർ.

"ഭരണഭാഷ - മാതൃഭാഷ"

ഡി5-33147/2017

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 26/09/2017
E-Mail: dpvigilance@gmail.com
Website: www.dop.lsgkerala.gov.in

പരിപത്രം

വിഷയം: പഞ്ചായത്ത് വകുപ്പ് - ഭരണ ജാഗ്രത - പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ നവ മാധ്യമങ്ങളിലുടെയും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലുടെയുമുള്ള അഭിപ്രായപ്രകടനം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 1) സർക്കാരിന്റെ 31/01/2017ലെ 78/ഉപ.സി.2/2017/ഉഭവ നമ്പർ പരിപത്രം
2) പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ബ്രാഞ്ച് ഓഫീസർമാരുടേയും സെക്ഷൻ സൂപ്രണ്ടുമാരുടേയും 15/09/2017ൽ ചേർന്ന പ്രതിമാസ അവലോകന യോഗത്തിലെ 19 നമ്പർ തീരുമാനം

സൂചന (1) പ്രകാരം കേരളത്തിലെ സർക്കാർ ജീവനക്കാർ ഉദ്യോഗസ്ഥർ മാധ്യമങ്ങളിലുടെ അഭിപ്രായപ്രകടനങ്ങൾ നടത്തുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് വകുപ്പ് ജീവനക്കാർ ആയത് പാലിക്കുന്നില്ലെന്നും ചിലർ 1960ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റങ്ങളിലെ ചട്ടം 60(എ) പരസ്യമായി ലംഘിച്ച് നവ മാധ്യമങ്ങളിലുടെയും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലുടെയും സർക്കാരിനെതിരെയും, സർക്കാരിന്റെ നയങ്ങൾക്കെതിരെയും പഞ്ചായത്ത് ഡയറക്ടർക്കെതിരെയും, ഡയറക്ടറുടെ തീരുമാനങ്ങൾക്കെതിരെയും വ്യക്തിപരമായി അധിക്ഷേപിക്കുകയും പരസ്യമായി അഭിപ്രായപ്രകടനം നടത്തുന്നുവെന്നും ടിയാളുകൾക്കെതിരെ കർശ്ശന അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച് ഒരു പൊതു നിർദ്ദേശം നൽകണെമെന്നും സൂചന (2) പ്രകാരം തീരുമാനിച്ചിരുന്നു.

ഈ സാഹചര്യത്തിൽ ചുവടേ ചേർത്ത പ്രകാരം ഇതിലേയ്ക്കായി പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ സർക്കാരിന്റെ നയപരമായ കാര്യങ്ങളെ പറ്റി ജീവനക്കാർ യാതൊരു മാധ്യമത്തിലും അഭിപ്രായം രേഖപ്പെടുത്താൻ പാടുള്ളതല്ല.
2. നവ മാധ്യമങ്ങളിലുടെയും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലുടെയും സർക്കാരിനെതിരെയും സർക്കാരിന്റെ നയങ്ങൾക്കെതിരെയും പഞ്ചായത്ത് ഡയറക്ടർക്കെതിരെയും ഡയറക്ടറുടെ തീരുമാനങ്ങൾക്കെതിരെയും പരസ്യമായി അഭിപ്രായപ്രകടനം നടത്തുന്നുത് ഗൗരവമായി കാണുന്നതും 1960ലെ കെ.സി.എസ് (സി.സി.എ) ചട്ടങ്ങൾ പ്രകാരം കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

*** ADMINISTRATIVE VIGILANCE (D5) SECTION, PANCHAYAT DIRECTORATE ***

3. ഇത്തരത്തിലുള്ള വാർത്തകളും പോസ്റ്റുകളും ശ്രദ്ധയിൽപെട്ടാൽ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ 1960ലെ കെ.സി.എസ് (സി.സി.എ) ചട്ടം 15 പ്രകാരമുള്ള അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതും മുതിർന്ന ഉദ്യോഗസ്ഥർക്കെതിരെയുള്ളത് ഈ ഓഫീസിലേക്ക് ബന്ധപ്പെട്ട രേഖകളുടേയും ശുപാർശയുടേയും അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
4. ഇത്തരത്തിലുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടും ഖ.3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ചവരുത്തുന്ന ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.
5. മേലുദ്യോഗസ്ഥരുടെ പേര് / തസ്തിക പരാമർശിച്ച് ഈ വകുപ്പ് ജീവനക്കാർ അപഹാസ്യമായ രീതിയിൽ നവമാധ്യമങ്ങളിലുടെയും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലുടെ-യും അഭിപ്രായപ്രകടനം നടത്തുന്നതോ മറ്റ് സമാനമായ രീതിയിൽ പ്രതികരിക്കുന്നതോ ശ്രദ്ധയിൽപെട്ടാൽ ടിയാളുകൾക്കെതിരെ ഖ.3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ടി ജീവനക്കാർക്കെതിരെ മേലുദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട ഐ.റ്റി ആക്ട്, മറ്റ് നിയമങ്ങൾ പ്രകാരം വ്യക്തിപരമായി പോലീസിൽ പരാതിപെടാവുന്നതുമാണ്.
6. ഈ പരിപത്രം എല്ലാ ജീവനക്കാരിലേക്കും എത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്ക് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകേണ്ടതുമാണ്.

(ഒപ്പ്)
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

ഡി5

പകർപ്പ്

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും ബ്രാഞ്ച് ഓഫീസർമാർക്കും
3. ഡി3 സെക്ഷൻ (അടുത്ത പ്രതിമാസ യോഗത്തിൽ അറിയിക്കുന്നതിനായി)
4. ഡയറക്ടർ / അഡീഷണൽ ഡയറക്ടർ / ജോയിന്റ് ഡയറക്ടർ എന്നിവരുടെ സി.എക്ക്
5. സിസ്റ്റം മാനേജർ (www.dop.lsgkerala.gov.in വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. പബ്ളിസിറ്റി ഓഫീസർ (പഞ്ചായത്ത് രാജ് മാഗസിനിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. ബഹു: പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
8. കരുതൽ / അധികം

// അംഗീകാരത്തോടെ //

സൂപ്രണ്ട്

***** ADMINISTRATIVE VIGILANCE (D5) SECTION, PANCHAYAT DIRECTORATE *****

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഇൻസർവ്വീസ് പരിശീലനത്തിന്റെ പരീക്ഷാ ബോർഡ് രൂപീകരിച്ചു കൊണ്ട് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.3182/2017/തസ്വഭവ. തിരുവനന്തപുരം, തീയതി,28.09.2017.

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 02.09.2017 ലെ 6482/എച്ച്&റ്റി3/ 2016/ സി.ആർ.ഡി നമ്പർ കത്ത്.

ഉത്തരവ്

പരാമർശത്തിലെ ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്നവരെ ഉൾപ്പെടുത്തി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഇൻസർവ്വീസ് പരിശീലനത്തിന്റെ പരീക്ഷാ ബോർഡ് രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1	കില ഡയറക്ടർ	- ചെയർമാൻ
2	റീജിയണൽ ഡയറക്ടർ, കില-മാനവശേഷി വികസന കേന്ദ്രം കൊട്ടാരക്കര	- കൺവീനർ
3	ഗ്രാമവികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (എച്ച് & റ്റി)	- അംഗം
4	പ്രിൻസിപ്പൽ, കില — സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്പ്മെന്റ്, കൊട്ടാരക്കര	- അംഗം
5	പ്രിൻസിപ്പൽ, കില സെന്റർ ഫോർ ഗ്രഡ് ഗവേണൻസ്, മണ്ണുത്തി	- അംഗം
6	പ്രിൻസിപ്പൽ, കില സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ്, തളിപ്പറമ്പ്	- അംഗം
7	ഫാക്കൽറ്റി (റൂറൽ ഡെവലപ്പ്മെന്റ്) കില-മാനവശേഷി വികസന കേന്ദ്രം , കൊട്ടാരക്കര	- അംഗം
8	ഫാക്കൽറ്റി (പബ്ലിക് അഡ്മിനിസ്ട്രേഷൻ), കില — മാനവശേഷി വികസന കേന്ദ്രം, കൊട്ടാരക്കര	- അംഗം
9	ഫാക്കൽറ്റി (പ്ലാനിംഗ്, മാനേജ്മെന്റ് ആന്റ് ഡെവലപ്പ്മെന്റ്), കില. തൃശ്ശൂർ	- അംഗം

10	കില സെന്റർഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്പ്മെന്റ്, കൊട്ടാരക്കര, കില സെന്റർ ഫോർ ഫുഡ് ഗവേണൻസ്, മണ്ണുത്തി, കില സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ്, തളിപ്പറമ്പ് എന്നീ സെന്ററുകളിൽ നിന്നും ഏറ്റവും സീനിയർ ആയ ഒരു ലക്ചറർ (3 പേർ)	- അംഗങ്ങൾ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന. എൻ. പി
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കില
റീജിയണൽ ഡയറക്ടർ, കില — സി.എച്ച്.ആർ.ഡി., കൊട്ടാരക്കര
പ്രിൻസിപ്പൽ, കില-സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്പ്മെന്റ്, കൊട്ടാരക്കര
പ്രിൻസിപ്പൽ, കില-സെന്റർ ഫോർ ഫുഡ് ഗവേണൻസ്, മണ്ണുത്തി
പ്രിൻസിപ്പൽ, കില-സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ് തളിപ്പറമ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

ഡി5-20828/2017

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 01/11/2017
E-Mail: dpvigilance@gmail.com
Website: www.dop.lsgkerala.gov.in

സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് - ഭരണ ജാഗ്രത - പഞ്ചായത്ത് വകുപ്പ് ജീവനക്കാർ പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റവും പരിഗണനയും ഉറപ്പാക്കൽ പൊതുനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: സർക്കാരിന്റെ 24/06/2015ലെ 7995/എ.ആർ13(2)/15/ഉഭപവ നമ്പർ സർക്കുലർ

കേരളത്തിലെ സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങളോട് മാന്യമായി പെരുമാറണമെന്നും അവരുടെ ആവശ്യങ്ങൾക്ക് അർഹമായ പരിഗണന നൽകണമെന്നും സൂചന സർക്കുലറിലൂടെ സർക്കാർ വിശദമായ നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്.

എന്നാൽ ആയതിന് വിരുദ്ധമായി പഞ്ചായത്ത് വകുപ്പിലെ ചില ജീവനക്കാർ മാന്യമല്ലാതെ പൊതുജനങ്ങളോട് പെരുമാറുന്നതായും ഫോണിലൂടെയുള്ള അന്വേഷണങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകുന്നില്ലായെന്നും പലകോണുകളിൽ നിന്നും പരാതി ഉയർന്നു വന്നിട്ടുള്ളതും ആയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുമാണ്.

ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ഈ നിർദ്ദേശങ്ങൾ ജീവനക്കാർ കർശനമായി പാലിക്കേണ്ടതാണ്.

1. ഗ്രാമപഞ്ചായത്തിലും, പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും വിവിധ ആവശ്യങ്ങൾക്ക് വരുന്ന പൊതുജനങ്ങളോട് പ്രത്യേകിച്ച് മുതിർന്ന പൗരൻമാരോടും ഭിന്ന ശേഷിക്കാരോടും മാന്യമായി പെരുമാറേണ്ടതാണ്.
2. മുതിർന്ന പൗരൻമാരുടേയും ഭിന്നശേഷിക്കാരുടേയും ആവശ്യങ്ങൾക്ക് മുന്തിയ പരിഗണന നൽകേണ്ടതും കാലതാമസമുണ്ടാകുന്ന പക്ഷം കാര്യകാരണ സഹിതം ആവശ്യക്കാരെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.
3. ഇപ്രകാരം പ്രവൃത്തിക്കാത്ത ജീവനക്കാർക്കെതിരെയുള്ള പരാതികൾ ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റ് / സെക്രട്ടറി എന്നിവരും മറ്റ് ഓഫീസുകളിൽ ഓഫീസ് തലവനും സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ കഴിവതും അപ്പോൾ തന്നെ ജീവനക്കാരെ വിളിച്ച് പരിഹരിക്കേണ്ടതും ഓഫീസ് സൂപ്പർവൈസർമാരെ (ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട്) അത്തരത്തിലുള്ള വിഷയങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ചുമതലപ്പെടുത്തേണ്ടതുമാണ്.

*** ADMINISTRATIVE VIGILANCE (D5) SECTION, PANCHAYAT DIRECTORATE ***

4. ഫോണിലൂടെയുള്ള അന്വേഷണങ്ങൾക്ക് വ്യക്തമായി ഉത്തരം നൽകേണ്ടതും ബന്ധപ്പെട്ട സെക്ഷൻ / ജീവനക്കാരൻ അവധിയിലാണെങ്കിൽ ആയത് അന്വേഷകരെ ബോദ്ധ്യപ്പെടുത്തേണ്ടതും ടി വിവരം ഔദ്യോഗികമാണെങ്കിൽ ഫോൺ മെസേജ് രജിസ്റ്ററിൽ രേഖപ്പെടുത്തി കഴിവതും നേരത്തേ മറുപടി നൽകേണ്ടതാണ്.
5. ജീവനക്കാർ ഓഫീസ് സമയങ്ങളിൽ നിശ്ചിത മാതൃകയിലുള്ള തിരിച്ചറിയൽ കാർഡ് ധരിച്ചിട്ടുണ്ടെന്ന് ഓഫീസ് തലവൻ ഉറപ്പ് വരുത്തേണ്ടതും ഓഫീസുകളിൽ ജീവനക്കാരുടെ പേരുവിവരവും ജോലി വിഭജനവും പൊതുജനങ്ങൾക്ക് മനസിലാകുന്ന തരത്തിൽ ലളിതമായി ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.
6. മേൽ നിർദ്ദേശങ്ങൾ ലംഘിക്കുന്നത് ശ്രദ്ധയിൽപെട്ടാൽ / പരാതി ലഭിച്ചാൽ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അന്വേഷിച്ച് പരിഹരിക്കേണ്ടതും ആവശ്യമെങ്കിൽ ടി ജീവനക്കാരനെ താക്കീത് ചെയ്യേണ്ടതും ആവർത്തിച്ചുള്ള ലംഘനങ്ങൾ 1960ലെ കെ.സി.എസ് (സി.സി.എ) ചട്ടപ്രകാരമുള്ള അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതും മുതിർന്ന ഉദ്യോഗസ്ഥർക്കെതിരെയുള്ളത് ഈ ഓഫീസിലേക്ക് ബന്ധപ്പെട്ട രേഖകളുടേയും ശുപാർശയുടേയും അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
7. ഈ സർക്കുലർ എല്ലാ ജീവനക്കാരിലേക്കും എത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്ക് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകേണ്ടതുമാണ്.

(ഒപ്പ്)

പി.മേരിക്കുട്ടി ഐ.എ.എസ്

പഞ്ചായത്ത് ഡയറക്ടർ

ഡി5

പകർപ്പ്

1. ഈ വകുപ്പിലെ എല്ലാ ജീവനക്കാർക്കും
   (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. ഈ ഓഫീസിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും ബ്രാഞ്ച് ഓഫീസർമാർക്കും
4. സൂപ്രണ്ട്, ഡി.ബി.റ്റി. സെൽ
5. ഡയറക്ടർ / അഡീഷണൽ ഡയറക്ടർ / ജോയിന്റ് ഡയറക്ടർ എന്നിവരുടെ സി.എക്ക്
6. സിസ്റ്റം മാനേജർ (www.dop.lsgkerala.gov.in വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. പബ്ളിസിറ്റി ഓഫീസർ (പഞ്ചായത്ത് രാജ് മാഗസിനിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. ബഹു: പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
9. കരുതൽ / അധികം

// അംഗീകാരത്തോടെ //

സൂപ്രണ്ട്

***** ADMINISTRATIVE VIGILANCE (D5) SECTION, PANCHAYAT DIRECTORATE *****

കേരള സർക്കാർ

സംഗ്രഹം

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ.(പി)നം.141/2017/ധന. തിരുവനന്തപുരം, തീയതി, 08/11/2017.

പരാമർശം : (1) 24.05.1999-ലെ സ.ഉ(പി)നം.12/1999/ഉ.ഭ.പ
(2) 07.01.2013-ലെ സ.ഉ(പി)നം.20/2013/ധന.
(3) 31.08.2016-ലെ സ.ഉ(പി)നം.126/2016/ധന.

ഉത്തരവ്

01.04.2013-ന് ശേഷം സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ജീവനക്കാർ സർവ്വീസ്സിലിരിക്കെ മരണമടയുന്ന പക്ഷം ആശ്രിതർക്ക് കുടുംബ പെൻഷനു അർഹതയില്ല. എന്നാൽ ഇത്തരത്തിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ സർവ്വീസ്സിലിരുന്ന് മരണമടയുന്ന ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% ത്തിനു തുല്യമായ തുക ആശ്വാസ ധനസഹായമായി പരാമർശം (3) പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആശ്വാസധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

നടപടിക്രമങ്ങൾ:-

1) ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്ന മുഴുവൻ രേഖകളുടെയും രണ്ട് പകർപ്പുകൾ മരണപ്പെട്ട ജീവനക്കാരൻ അവസാനമായി ജോലി ചെയ്ത സ്ഥാപനത്തിന്റെ മേധാവി/ ഡി.ഡി.ഒ-യ്ക്ക് ജീവനക്കാരന്റെ ആശ്രിതൻ/ആശ്രിത സമർപ്പിക്കേണ്ടതാണ്.

2) സ്ഥാപന മേധാവി/ഡി.ഡി.ഒ അപേക്ഷകൾ പരിശോധിച്ചതിന് ശേഷം മരണപ്പെട്ട വ്യക്തിയുടെ PEN നമ്പർ, അവസാനം വാങ്ങിയ ശമ്പളം ,ഏത് ട്രഷറിയിൽ നിന്നാണോ ശമ്പളം കൈപ്പറ്റിയിരുന്നത്, പ്രസ്തുത ട്രഷറിയുടെ പേര് ഉൾപ്പെടെ ശുപാർശ സഹിതം അപേക്ഷ ഉചിതമാർഗ്ഗേന ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

3) എൻ.പി.എസ് സെൽ പ്രസ്തുത അപേക്ഷ സ്പാർക്കിലെ വിവരങ്ങളുമായി ഒത്തു നോക്കിയതിന് ശേഷം പി.പി.ഒ യ്ക്ക് സമാനമായി മരണപ്പെട്ട വ്യക്തിയുടെ PEN നമ്പർ കൂടി ചേർത്ത് പ്രത്യേകമായ ഒരു നമ്പർ ഓരോ അപേക്ഷയ്ക്കും അനുവദിക്കേണ്ടതാണ്.

4) ലഭ്യമായ രേഖകൾ പരിശോധിച്ചതിന് ശേഷം ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്, സ്ഥാപന മേധാവി/ഡി.ഡി.ഒ -യുടെ ശുപാർശയുടെ വെളിച്ചത്തിൽ മരണപ്പെട്ട വ്യക്തി അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30%-ന് തുല്യമായ തുക ആശ്വാസ ധനസഹായമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5) ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പകർപ്പ് ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ് ട്രഷറിക്കും അപേക്ഷകനും ബന്ധപ്പെട്ട സ്ഥാപന മേധാവി/ ഡി.ഡി.ഒ യ്ക്കും നൽകേണ്ടതാണ്.

6) ധനകാര്യ(എൻ.പി.എസ്) സെല്ലിൽ നിന്നും ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ആശ്വാസധനസഹായമായി അനുവദിച്ച തുക 2071-01-117-90 compassionate allowance to the dependants of employee who died while in service and was enrolled under national pension system എന്ന ശീർഷകത്തിൽ നിന്നും ട്രഷറി ഓഫീസർ നൽകേണ്ടതാണ്.

7) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആശ്രിത നിയമനവ്യവസ്ഥ പ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അതാത് വകുപ്പ്/ഓഫീസ് തലവന്മാർ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിനെ യഥാസമയം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാർ അനർഹമായി ആശ്വാസ ധനസഹായം കൈപ്പറ്റുന്നത് വഴി സർക്കാരിന് വന്നേക്കാവുന്ന സാമ്പത്തിക നഷ്ടം പലിശ സഹിതം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്.

8) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ അനുബന്ധമായി ചേർത്തിരിക്കുന്ന സത്യപ്രസ്താവന വാങ്ങേണ്ടതും ആയത് താമസംവിനാ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതുമാണ്.

9) ഡി.ഡി.ഒ-മാർ ലഭ്യമാക്കിയിരിക്കുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതർക്ക് അനുവദിച്ച ആശ്വാസ ധനസഹായം നിർത്തലാക്കാൻ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ് ട്രഷറിയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്.

10) ശമ്പളവും ആശ്വാസ ധനസഹായവും ഒരുമിച്ച് വാങ്ങുന്ന സന്ദർഭമുണ്ടായാൽ ജീവനക്കാരന്റെ തൊട്ടടുത്ത മാസശമ്പളത്തിൽ നിന്നും മുഴുവൻ തുകയും പലിശ സഹിതം വസൂലാക്കുന്നതും ജീവനക്കാരനെതിരെ വകുപ്പു തല നടപടി കൈക്കൊള്ളുന്നതുമാണ്.

11) ആശ്രിത നിയമനവ്യവസ്ഥ സൂചന(1) ഉത്തരവിന്റെ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരിക്കുകയോ ജോലി സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ ഓഫീസ് മേധാവി പ്രസ്തുത വിവരം ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിനെ അറിയിക്കേണ്ടതാണ്.

12) പരാമർശം (1) ഉത്തരവിലെ വ്യവസ്ഥ പ്രകാരം ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കാത്തവരുടെ കാര്യത്തിൽ അപേക്ഷ സമർപ്പിക്കാൻ അനുവദിച്ചിരിക്കുന്ന 2 വർഷം വരെയും, അർഹതയുള്ളവർ പ്രായപൂർത്തിയാകാത്തവർ ആണെങ്കിൽ അവർ പ്രായപൂർത്തിയായതിന് ശേഷം 3 വർഷം വരെയും തുക അനുവദിയ്ക്കുന്നതാണ്.

13) മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ഭർത്താവ് പുനർ വിവാഹം കഴിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആശ്രിതന് ജോലി ലഭിച്ചിട്ടില്ല എന്ന സത്യപ്രസ്താവന, ആശ്വാസധനസഹായം വാങ്ങുന്ന വ്യക്തിയുടെ ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ എല്ലാ വർഷവും ജനുവരി മാസം ബന്ധപ്പെട്ട ട്രഷറിയിൽ ഹാജരാക്കേണ്ടതും അതിന്റെ പകർപ്പ് ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.രാജശ്രീ
അഡീഷണൽ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ (ഇ.ആൻറ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. എല്ലാ ജില്ലാ ട്രഷറികൾ/സബ് ട്രഷറികൾ.
7. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയി. സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.
8. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവ്വകലാശാലകൾ.
9. ഡയറക്ടർ, ടെക്നിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
10. ഗവർണ്ണറുടെ സെക്രട്ടറി.
11. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
12. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
13. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
14. നോഡൽ ഓഫീസർ www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ആശ്വാസ ധനസഹായ പദ്ധതി അപേക്ഷ ഫോറം

31.08.2016-ലെ സ.ഉ(പി)നം.126/2016/ധന ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിയ്ക്കുന്നതിനുള്ള അപേക്ഷ ഫോറം.

മരണപ്പെട്ട ജീവനക്കാരന്റെ/ജീവനക്കാരിയുടെ .....
(പേര്) .....(തസ്തിക) .....
(ഓഫീസ്)..... (PEN നമ്പർ)

അപേക്ഷകന്റെ
ഫോട്ടോ
ഓഫീസ് മേധാവി
സാക്ഷ്യപ്പെടുത്തിയത്

അപേക്ഷകന്റെ/അപേക്ഷകയുടെ പേര്			
ജീവനക്കാരനുമായുള്ള ബന്ധം			
ജീവനക്കാരൻ മരണപ്പെട്ട ദിവസം			
മരണപ്പെട്ട ജീവനക്കാരന്റെ നിയമപരമായ അവകാശികളുടെ പേരും വിലാസവും	പേര്/വിലാസം	ജനനതീയതി	വയസ്സ്
1) ഭാര്യ/ഭർത്താവ്			
2) 25 വയസിന് താഴെയുള്ള മകൻ/മകൾ			
3) മാതാവ്			
4) പിതാവ്			

ജില്ലാ /സബ്ട്രഷറിയുടെ പേര് :
ബാങ്കിന്റെ പേര്,അക്കൗണ്ട് നമ്പർ ,IFSC code :
ആധാർ നമ്പർ
ഫോൺ നമ്പർ
ഇ മെയിൽ ID

അപേക്ഷകൻ/അപേക്ഷകയുടെ പൂർണ്ണമായ മേൽവിലാസം:

ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്.....

സാക്ഷികൾ 1).....

2).....

സത്യപ്രസ്താവന

1) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട .....ഭാര്യ/ഭർത്താവ്/നിയമപരമായ അവകാശി ആയ ..... എന്ന ഞാൻ സർക്കാർ ഉത്തരവിന് വിധേയമായി അശ്വാസധനസഹായം അനുവദിച്ചു കിട്ടുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നു. എനിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിച്ചതിന് ശേഷവും ആശ്വാസധനസഹായം അനർഹമായി കൈപ്പറ്റുകയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം സർക്കാറിലേയ്ക്ക് തിരിച്ചടയ്ക്കുന്നതാണെന്നു ഞാൻ സത്യപ്രസ്താവന നടത്തുന്നു.

തീയതി: ഒപ്പ് :
സ്ഥലം: പേര് :

അല്ലെങ്കിൽ

2) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട ..... ന്റെ ഭാര്യ/ഭർത്താവ്/നിയമപരമായ അവകാശി ആയ ..... എന്ന ഞാൻ സർക്കാർ ഉത്തരവിന് വിധേയമായി ആശ്വാസ ധനസഹായം അനുവദിച്ചു കിട്ടുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന സമയപരിധി വരെ മാത്രമേ തുക കൈപ്പറ്റുകയുള്ളു എന്നും, തുടർന്ന് ആശ്വാസധനസഹായം അനർഹമായി കൈപ്പറ്റുകയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതാണെന്നും ഞാൻ സത്യപ്രസ്താവന നടത്തുന്നു.

തീയതി: ഒപ്പ് :
സ്ഥലം: പേര് :

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് കൊണ്ടും സേവനം സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ (സാധാ) നം. 3845/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 29/11/2017

പരാമർശം : 1. സ.ഉ(ആർ.റ്റി) നം. 3217/2015/തസ്വഭവ, തീയതി, 29.10.2015

2. സ.ഉ(ആർ.റ്റി) നം. 526/2015/തസ്വഭവ, തീയതി, 21.2.2015

ഉത്തരവ്

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ സേവനം സംബന്ധിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 01.06.2017 മുതൽ പ്രാബല്യത്തിൽ പാലിയേറ്റീവ് കെയർ നേഴ്സുമാരുടെ ഓണറേറിയം നിലവിലുള്ള 10,000/- രൂപയിൽ നിന്നും 15,000/- രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

2. 2003 മുതൽ പ്രതിമാസം മൂവായിരം രൂപ മുതൽ ജോലി ചെയ്തു തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാരെ പ്രോജക്റ്റ് നിലനിൽക്കുന്നിടത്തോളം കാലം പിരിച്ചു വിടാൻ പാടില്ല.

3. പാലിയേറ്റീവ് കെയർ നേഴ്സുമാർക്ക് ഔദ്യോഗിക ആവശ്യാർത്ഥം നടത്തുന്ന മീറ്റിങ്ങുകളിൽ പങ്കെടുക്കുന്നതിനുള്ള യഥാർത്ഥ യാത്ര ചെലവ് മടക്കി നൽകേണ്ടതാണ്.

4. കോൺട്രാക്ട് ജീവനക്കാർക്ക് നിയമാനുസൃതം നൽകാവുന്ന പ്രസവാവധി പാലിയേറ്റീവ് കെയർ നഴ്സുമാർക്കും അനുവദിക്കേണ്ടതാണ്.

മേൽ പ്രതിപാദിച്ചിട്ടുള്ള ഇനങ്ങൾക്കാവശ്യമായ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ പാലിയേറ്റീവ് കെയറിനായുള്ള പ്ളാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. മോഹൻദാസ്

അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

1

ധനകാര്യ വകുപ്പ്(നം. Dev-1/179/2017/Fin. തീയതി 21.10.2017 പ്രകാരം)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ് [പരാമർശം (1) ലെ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന്]
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/62/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

2

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് കൊണ്ടും സേവനം സംബന്ധിച്ചും പുറപ്പെടുവിച്ച ഉത്തരവ് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ (സാധാ) നം. 4009/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 12/12/2017

പരാമർശം : സ.ഉ(സാധാ)നം. 3845/2017/തസ്വഭവ, തീയതി, 29.11.2017

ഉത്തരവ്

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ സേവനം സംബന്ധിച്ചും ഓണറേറിയം സംബന്ധിച്ചും മേൽ പരാമർശം പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പരാമർശം ഉത്തരവിലെ സംസ്ഥാനത്തെ 'ഗ്രാമപഞ്ചായത്തുകളിൽ' സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർ എന്നത് സംസ്ഥാനത്തെ 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ' സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർ എന്നും '2003' മുതൽ പ്രതിമാസം മൂവായിരം രൂപ മുതൽ ജോലി ചെയ്തു തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാർ എന്നത് '2008' മുതൽ പ്രതിമാസം മൂവായിരം രൂപ മുതൽ ജോലി ചെയ്തു തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാർ എന്നും മേൽ പ്രതിപാദിച്ചിട്ടുള്ള ഇനങ്ങൾക്കാവശ്യമായ തുക 'പഞ്ചായത്തിന്റെ' തനത് ഫണ്ടിൽ നിന്നോ പാലിയേറ്റീവ് കെയറിനായുള്ള പ്ളാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കേണ്ടതാണ് എന്നുള്ളത് മേൽ പ്രതിപാദിച്ചിട്ടുള്ള ഇനങ്ങൾക്കാവശ്യമായ തുക 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ' തനത് ഫണ്ടിൽ നിന്നോ പാലിയേറ്റീവ് കെയറിനായുള്ള പ്ളാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കേണ്ടതാണ് എന്നും ഭേദഗതി വരുത്തുന്നു.

മേൽ ഭേദഗതികളോട് കൂടി പരാമർശം ഉത്തരവ് നിലനില്ക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

-മറുപുറം-

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പൽ/കോർപ്പറേഷൻസെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. Dev-1/179/2017/Fin. തീയതി 21.10.2017 പ്രകാരം)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/62/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്—അധികാരവികേന്ദ്രീകരണം—മൃഗസംരക്ഷണ വകുപ്പിൽനിന്നുമുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ ആർ എ) വകുപ്പ്

സ. ഉ. (അ) നമ്പർ 99/2017/തസ്വഭവ. തിരുവനന്തപുരം, 2017 ഡിസംബർ 13.

പരാമർശം :—1. സ. ഉ. (അ) നമ്പർ 187/2000/തസ്വഭവ, തീയതി 4-7-2000.

2. സ. ഉ. (അ) നമ്പർ 131/2012/തസ്വഭവ, തീയതി 16-5-2012.

3. സ. ഉ. (അ) നമ്പർ 254/2015/തസ്വഭവ, തീയതി 31-7-2015.

4. 17-4-2017, 19-5-2017, 26-5-2017, 24-7-2017 തീയതികളിലെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കെ3.1599/17/ജീ.കാ/എ.എ & ഡി നമ്പർ കത്തുകൾ.

5. 11-7-2017-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ9-1095/17 നമ്പർ കത്ത്.

6. 7-7-2017, 22-9-2017 തീയതികളിലെ ഗ്രാമവികസന കമ്മീഷണറുടെ സിആർഡി/1369/17/എസ്റ്റാ.സി.3 നമ്പർ കത്തുകൾ.

7. 11-7-2017, 17-11-2017 തീയതികളിലെ നഗരകാര്യ ഡയറക്ടറുടെ ഇ6-15217/17 നമ്പർ കത്തുകൾ.

8. 4-10-2017-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ9-24417/17 നമ്പർ കത്ത്.

9. 5-12-2017-ലെ ശ്രീ. സ്റ്റാൻലി വില്യം സമർപ്പിച്ച നിവേദനം.

ഉത്തരവ്

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉത്തരവാദിത്തങ്ങളും ചുമതലകളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ താഴെപ്പറയുന്ന വകുപ്പുകളിൽനിന്നും രണ്ടുവർഷ കാലയളവിലേക്ക് പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം പുനർവിന്യസിക്കുകയുണ്ടായി.

1. കൃഷി
2. മണ്ണ് സംരക്ഷണം
3. പൊതുമരാമത്ത്
4. ഗ്രാമവികസനം
5. മൃഗസംരക്ഷണം
6. വ്യവസായം

2. ഇപ്രകാരം പുനർവിന്യസിച്ച ജീവനക്കാരുടെ നിയമന കാലാവധി അവസാനിച്ചതിനാൽ പരാമർശം (4)-ലെ കത്തുമുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി പുനർവിന്യസിക്കേണ്ടവരുടെയും തുടരുവാൻ ആഗ്രഹിക്കുന്നവരുടെയും മാതൃവകുപ്പിലേക്ക് തിരിച്ചുപോകുന്നവരുടെയും പട്ടിക മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

3/4437/2017/S-2.

2

3. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചിട്ടുള്ള മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസ കാലാവധി അവസാനിച്ചതിനാൽ മാതൃവകുപ്പിലേക്ക് മടങ്ങിപ്പോകാൻ വകുപ്പ് അദ്ധ്യക്ഷന് അപേക്ഷ സമർപ്പിച്ചിരുന്ന ജീവനക്കാരെ അനുബന്ധം 1-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം വിടുതൽ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക്പഞ്ചായത്ത്/ജില്ലാപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ പുനർ വിന്യാസത്തിൽ തുടരാനാഗ്രഹിക്കുന്ന മൃഗസംരക്ഷണ വകുപ്പിലെ പുനർവിന്യാസ ജീവനക്കാർക്ക് അനുബന്ധം 2-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം രണ്ടുവർഷംകൂടി പുനർവിന്യാസ കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ടും, പുതുതായി പുനർവിന്യസിക്കേണ്ട ജീവനക്കാരെ അനുബന്ധം 3-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം ജില്ലാപഞ്ചായത്ത്/ബ്ലോക്ക്പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ നിലവിലുള്ള പുനർവിന്യാസ ഒഴിവുകളിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഗ്രാമപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന പുനർവിന്യാസ ജീവനക്കാരെ പി.എസ്.സി.വഴി നിയമനം ലഭിച്ച ആളുകൾ എത്തുന്ന മുറയ്ക്ക് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

5. ഈ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെടുന്നവരുടെ നിയമന കാലാവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 2 വർഷക്കാലമാണ്. **പുനർവിന്യാസ കാലാവധി അവസാനിച്ചുകഴിഞ്ഞാൽ പുനർവിന്യാസ ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനും പുതിയ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടുമുള്ള പ്രൊപ്പോസൽ വകുപ്പദ്ധ്യക്ഷൻ സർക്കാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.** അനുബന്ധം 3 പ്രകാരം പകരം ജീവനക്കാരെ നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ അവർ ഹാജരാകുന്ന മുറയ്ക്ക് മാത്രമേ മാതൃവകുപ്പിലേക്ക് തിരിച്ചുപോകാൻ അർഹതയുള്ളവരെ വിടുതൽ ചെയ്യാൻ പാടുള്ളൂ.

6. **ഈ ഉത്തരവിലെ അനുബന്ധം 3-ലെ പട്ടികയിൽ പ്രതിപാദിക്കുന്ന ജീവനക്കാരെ അതാത് വകുപ്പു തലവൻമാർ 20-1-2018-നുമുൻപ് ഓരോരുത്തരുടെയും പേരിനൊപ്പം ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കുംവിധം യാതൊരു വീഴ്ചയും കൂടാതെ കർശനമായി വിടുതൽ ചെയ്യേണ്ടതാണ്.** വിടുതൽ ചെയ്യുന്നതിനായി അനുബന്ധം 4-ലെ മാതൃകാ വിടുതൽ ഉത്തരവ് ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം വിടുതൽ ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മുമ്പാകെ ഹാജരാകേണ്ടതും സെക്രട്ടറി അവർക്ക് ജോലി ചെയ്യുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്.

7. പുനർവിന്യാസ നിയമനത്തിനായി നിലവിൽ ഒഴിവില്ലാത്ത സ്ഥലങ്ങളിലേക്ക് ഓപ്ഷൻ നൽകിയ ജീവനക്കാരിൽനിന്നും പുതിയ ഓപ്ഷൻ വാങ്ങി അടിയന്തരമായി സമർപ്പിക്കുവാൻ മൃഗസംരക്ഷണ വകുപ്പു ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

8. ഈ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി നിയമനം ലഭിച്ചവരെ വിടുതൽ ചെയ്യുന്നതിന് മുമ്പായി വിടുതൽ ചെയ്യപ്പെടുന്ന ജീവനക്കാരന് പരാമർശം 1-ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരം അയാളുടെ ശമ്പളം അയാൾ നിയമിക്കപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഏറ്റവും അടുത്തുള്ള മാതൃവകുപ്പിന്റെ ഏറ്റവും താഴത്തെ തട്ടിലെ ഡ്രോയിംഗ് ഓഫീസറിൽ (ഓഫീസിൽ) നിന്നും കൈപ്പറ്റാനാവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട വകുപ്പുതലവൻ ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും നിശ്ചിത സമയത്ത് ശമ്പളം ലഭിക്കാത്ത അവസ്ഥ ഉണ്ടാകാതിരിക്കുവാൻ വകുപ്പ് തലവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. മേൽ പരാമർശിച്ചിരിക്കുന്നവയിൽ സംഭവിക്കുന്ന വീഴ്ചകൾ സർക്കാർ അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നതാണ്.

10. ഈ ഉത്തരവ് പ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിക്കപ്പെട്ടവർ ജോലിക്ക് ഹാജരാകുന്നത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അന്നേ ദിവസം തന്നെ ബന്ധപ്പെട്ട വകുപ്പുതലവനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും/മുനിസിപ്പൽ ഭരണ ഡയറക്ടർക്കും/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്കും ഗ്രാമവികസന കമ്മീഷണർക്കും ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്കും മറ്റ് ബന്ധപ്പെട്ടവർക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്ത് ഡയറക്ടർ/മുനിസിപ്പൽ ഭരണ ഡയറക്ടർ/ ഗ്രാമവികസന കമ്മീഷണർ ഒരാഴ്ചയ്ക്കുള്ളിൽ സാമാഹൃത റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും ട്രഷറി ഡയറക്ടർക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും മറ്റ് ബന്ധപ്പെട്ടവർക്കും എത്തിച്ചു കൊടുക്കേണ്ടതാണ്.

3

11. ഈ ഉത്തരവ് പ്രകാരം നിയമനം ലഭിച്ചവരുടെ ജോലികൾ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി നിർദ്ദേശിക്കുന്ന ക്ലറിക്കൽ ജോലികൾ ചെയ്യുവാൻ നിയമനം ലഭിക്കുന്നവർ ബാദ്ധ്യസ്ഥരാണ്.

12. 1994-ലെ കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള ``ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണം`` സംബന്ധിച്ച ചട്ടങ്ങൾ ഈ ഉദ്യോഗസ്ഥർക്കും ബാധകമാണ്.

13. ഈ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെടുന്ന ജീവനക്കാർ അവരുടെ കൃത്യനിർവ്വഹണത്തിൽ വരുത്തുന്ന വീഴ്ചകളും അവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികളും മറ്റും അതത് തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർ വ്യക്തമായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാർ ബന്ധപ്പെട്ട വകുപ്പ് അധികൃതരുമായി ചർച്ച ചെയ്ത് വേണ്ട തീരുമാനം കൈക്കൊള്ളുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സന്തോഷ് കുമാർ, എസ്. ആർ.,
ഡെപ്യൂട്ടി സെക്രട്ടറി.

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ബന്ധപ്പെട്ട മുനിസിപ്പൽ/കോർപ്പറേഷൻ അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന).

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

മൃഗസംരക്ഷണ വകുപ്പ്.

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

4

അനുബന്ധം 1

കൃഷി (മൃഗസംരക്ഷണം) വകുപ്പ്

മാതൃവകുപ്പിലേക്ക് തിരിച്ചുപോകുന്നവർ

ക്രമ നമ്പർ	പേര്	തസ്തിക	ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽവിലാസം
1	ജോവിൻ ജോർജ്ജ്	ക്ലാർക്ക്	വടവുകോട് ഗ്രാമപഞ്ചായത്ത്
2	സജേഷ് മുരളി	,,	മാറാടി ഗ്രാമപഞ്ചായത്ത്
3	അരുൺദാസ്, എസ്.	,,	തിരുവനന്തപുരം കോർപ്പറേഷൻ
4	രജനീഷ്, വി. പി.	,,	കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത്
5	പ്രസീദ് കുമാർ, കെ.	,,	പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്
6	അജിത്ത്, ആർ.	,,	പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്
7	ജഗൽ പ്രസാദ്, റ്റി.	,,	മാറനല്ലൂർ ഗ്രാമപഞ്ചായത്ത്
8	തുളസീധരൻ, എൻ.	,,	പന്തളം ബ്ലോക്ക് പഞ്ചായത്ത്
9	ബിനി, ഡി.	,,	കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്
10	സുജിത്ത്, എസ്.	സീനിയർ ക്ലാർക്ക്	ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്
11	ദിവ്യ, എസ്.	,,	കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്
12	രഞ്ജിത്ത് രാജ്	ക്ലാർക്ക്	ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്
13	ഷിബു ജോർജ്ജ്, റ്റി.	,,	ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്
14	അനീഷ്, കെ. പി.	സീനിയർ ക്ലാർക്ക്	മലപ്പട്ടം ഗ്രാമപഞ്ചായത്ത്
15	ജോഷി ജോസഫ്	,,	കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്

അനുബന്ധം 2

കൃഷി (മൃഗസംരക്ഷണം) വകുപ്പ്

പുനർവിന്യാസത്തിൽ തുടരാൻ ആഗ്രഹിക്കുന്നവർ

ക്രമ നമ്പർ	പേര്	തസ്തിക	ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽവിലാസം	നിയമനം നൽകിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിലാസം (ജില്ല)
(1)	(2)	(3)	(4)	(5)
1	അബ്ദുൾ ലത്തീഫ്, എസ്.	ക്ലാർക്ക്	കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്	കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്
2	റിയാസ്, ഇ.	സീനിയർ ക്ലാർക്ക്	പള്ളിക്കൽ ഗ്രാമപഞ്ചായത്ത്	തിരുവനന്തപുരം കോർപ്പറേഷൻ
3	മനോജ്, എം.	ക്ലാർക്ക്	തിരുവനന്തപുരം കോർപ്പറേഷൻ	തിരുവനന്തപുരം കോർപ്പറേഷൻ
4	ഗായത്രി സതീഷ്, ആർ.	സീനിയർ ക്ലാർക്ക്	കല്ലിയൂർ ഗ്രാമപഞ്ചായത്ത്	കല്ലിയൂർ ഗ്രാമപഞ്ചായത്ത്

5

(1)	(2)	(3)	(4)	(5)
5	രശ്മി, കെ. ആർ.	ക്ലാർക്ക്	കാറളം ഗ്രാമപഞ്ചായത്ത്	കാറളം ഗ്രാമപഞ്ചായത്ത്
6	അനിൽകുമാർ, പി.	സീനിയർ ക്ലാർക്ക്	തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്
7	ശ്രീജിത്ത്, എ. എസ്.	ക്ലാർക്ക്	ഓച്ചിറ ഗ്രാമപഞ്ചായത്ത്	ഓച്ചിറ ഗ്രാമപഞ്ചായത്ത്
8	ചിത്ര, എം.	സീനിയർ ക്ലാർക്ക്	ജില്ലാ പഞ്ചായത്ത്, കോട്ടയം	ജില്ലാ പഞ്ചായത്ത്, കോട്ടയം
9	തോമസ്, പി. പി.	,,	ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം	ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം
10	ജിജേഷ് തോമസ്	ക്ലാർക്ക്	ജില്ലാ പഞ്ചായത്ത്, ഇടുക്കി	ജില്ലാ പഞ്ചായത്ത്, ഇടുക്കി
11	സുനിൽ കുമാർ, എസ്.	സീനിയർ ക്ലാർക്ക്	പരവൂർ മുനിസിപ്പാലിറ്റി	പരവൂർ മുനിസിപ്പാലിറ്റി
12	അമ്പിളി, എൽ.	ക്ലാർക്ക്	ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം	ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം
13	ബിനു, ആർ.	,,	ചിതറ ഗ്രാമപഞ്ചായത്ത്	ചിതറ ഗ്രാമപഞ്ചായത്ത്
14	സരസ്വതി, കെ. കെ.	,,	ജില്ലാ പഞ്ചായത്ത്, പാലക്കാട്	ജില്ലാ പഞ്ചായത്ത്, പാലക്കാട്
ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്

സ.ഉ.(സാധാ) നം.5081/2017/ധന. തീയതി, തിരുവനന്തപുരം, 20 ജൂൺ 2017

പരാമർശം : 1) സ.ഉ.(അ) നം.34/2017/ധന തീയതി.08/03/2017

2) സ.ഉ.(അ)നം.148/2015/തസ്വഭവ. തീയതി 30/04/2015
(30.04.2015 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ.1054 ൽ എസ്.ആർ.ഒ 263/2015ാം നമ്പരായി പ്രസിദ്ധീകരിച്ചത്)

3) സ.ഉ.(അ)നം.150/2015/തസ്വഭവ. തീയതി 30/04/2015
(30.04.2015 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ.1059 ൽ എസ്.ആർ.ഒ 268/2015ാം നമ്പരായി പ്രസിദ്ധീകരിച്ചത്)

4) സ.ഉ.(അ)നം.153/2015/തസ്വഭവ. തീയതി 30/04/2015
(30.04.2015 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ.1062 ൽ എസ്.ആർ.ഒ 271/2015ാം നമ്പരായി പ്രസിദ്ധീകരിച്ചത്)

5) സ.ഉ.(അ)നം.177/2015/തസ്വഭവ. തീയതി 26/05/2015
(26.05.2015 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ.1271 ൽ എസ്.ആർ.ഒ 338/2015ാം നമ്പരായി പ്രസിദ്ധീകരിച്ചത്)

ഉത്തരവ്

പരാമർശം 2 മുതൽ 5 വരെയുള്ള വിജ്ഞാപന പ്രകാരം സംസ്ഥാനത്ത് 28 മുനിസിപ്പാലിറ്റികളും 1 മുനിസ്സിപ്പൽ കോർപ്പറേഷനും പുതുതായി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പുതിയതായി രൂപികരിക്കപ്പെട്ട നഗര സഭകൾക്ക് അവരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മുൻസിപ്പാലിറ്റികൾക്ക് 1 കോടി രൂപ വീതവും മുനിസിപ്പൽ കോർപ്പറേഷന് 2 കോടി രൂപയും അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി 2017-18 ബഡ്ജറ്റിൽ വികസന ഫണ്ടിന്റെ ജനറൽ സെക്ടറിൽ നിന്നും 30 കോട രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പുതിയതായി രൂപീകരിക്കപ്പെട്ടിട്ടുള്ള മുൻസിപ്പാലിറ്റികൾക്ക് 1 കോടി രൂപ വീതവും മുൻസിപ്പൽ കോർപറേഷന് 2 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു ഉത്തരവാകുന്നു.

i. പ്രാദേശിക സർകാരുകൾളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രയോജനപ്പെടുന്ന ഏതു പദ്ധതിയും ഈ ഫണ്ട് ഉപയോഗിച്ച ഏറ്റെടുക്കാവുന്നതാണ്.

ii. പ്രാദേശിക സർക്കാർ ഇതിനോടകം തനത് ഫണ്ടിൽ നിന്നും ഉൾപ്പെടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾക്ക് ഈ ഉത്തരവ് പ്രകാരം അനുവദിക്കപ്പെടുന്ന തുകയുടെ 50 % ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു.

iii. പ്രത്യേക ധന സഹായം അനുവദിക്കപ്പെട്ട പ്രാദേശിക സർക്കാരുടെ ലിസ്റ്റ് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ ചേർക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ.എം.എബ്രഹാം
ധനകാര്യ അഡിഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ), തൃശ്ശൂർ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

അനുബന്ധം			
നമ്പർ	പ്രാദേശിക സർക്കാർ കോഡ്	പ്രാദേശിക സർക്കാർ	അനുവദിച്ച തുക (ലക്ഷത്തിൽ)
1	M020400	കൊട്ടാരക്കര	100
2	M030400	പന്തളം	100
3	M040600	ഹരിപ്പാട്	100
4	M050500	ഏറ്റുമാനൂർ	100
5	M050600	ഈരാറ്റുപേട്ട	100
6	M060200	കട്ടപ്പന	100
7	M071200	പിറവം	100
8	M071300	കൂത്താട്ടുകുളം	100
9	M080700	വടക്കാഞ്ചേരി	100
10	M090500	പട്ടാമ്പി	100
11	M090600	ചെർപ്പുളശ്ശേരി	100
12	M090700	മണ്ണാർക്കാട്	100
13	M100800	കൊണ്ടോട്ടി	100
14	M100900	താനൂർ	100
15	M101000	പരപ്പനങ്ങാടി	100
16	M101100	വളാഞ്ചേരി	100
17	M101200	തിരൂരങ്ങാടി	100
18	M110300	ഫറോക്ക്	100
19	M110400	പയ്യോളി	100
20	M110500	രാമനാട്ടുകര	100
21	M110600	കൊടുവള്ളി	100
22	M110700	മുക്കം	100
23	M120200	മാനന്തവാടി	100
24	M120300	സുൽത്താൻബത്തേരി	100
25	M130700	ആന്തൂർ	100
26	M130800	ഇരിട്ടി	100
27	M130900	പാനൂർ	100
28	M131000	ശ്രീകണ്ഠപുരം	100
29	C130100	കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ	200
ആകെ			3000

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

[illegible] 2017- [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം. 2160/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 28/06/2017

[illegible] 9.01.2017 [illegible]
[illegible]

ഉത്തരവ്

[illegible] 2017 [illegible] [illegible] [illegible] [illegible] [illegible] [illegible]

GOVERNMENT OF KERALA

Abstract

STORES PURCHASE DEPARTMENT—M/S. MEENACHIL RUBBERWOOD LTD., KOTTAYAM—DIRECT PURCHASE OF PROCESSED RUBBERWOOD FURNITURE AND OFFICE FURNITURE BY VARIOUS GOVERNMENT DEPARTMENTS/ PUBLIC SECTOR UNDERTAKINGS/LOCAL SELF GOVERNMENT INSTITUTIONS/AUTONOMOUS BODIES ETC. FROM MEENACHIL RUBBERWOOD LTD. WITHOUT TENDER FORMALITIES—PERIOD OF VALIDITY EXTENDED— ORDERS ISSUED

STORES PURCHASE (A) DEPARTMENT

G. O. (Rt.) No. 43/2017/SPD.

Dated, Thiruvananthapuram, 15th July, 2017.

Read:—1. G. O. (Rt.) No. 68/2015/SPD dated 11-12-2015.

2. G. O. (Rt.) No. 24/2016/SPD dated 27-4-2016.

3. Letter dated 1-3-2017 from the Managing Director, M/s. Meenachil Rubberwood Ltd.

ORDER

As per Government Order read 2nd above, sanction is accorded to M/s. Meenachil Rubberwood Ltd., Kottayam to supply processed rubber wood furniture and office furniture directly to all Government Departments/Public Sector Undertakings/Local Self Government Institutions/Autonomous Bodies etc. without following tender formalities in relaxation to para 9.23 of Stores Purchase Manual for a period of one year from 27-4-2016 and which expired on 26-4-2017.

3/2610/2017/S-26.

2

The Managing Director, M/s. Meenachil Rubberwood in his letter read above has requested to extend the period of validity for a further period of one year with effect from 27-4-2017.

Government have examined the matter in detail and are pleased to extend the period of validity of relaxation to para 9.23 of the Revised Stores Purchase Manual for a further period of one more year with effect from 27-4-2017, so as to enable M/s. Meenachil Rubberwood Ltd., to supply processed rubberwood furniture and office furniture directly to all Government Departments/Public Sector Undertakings/Local Self Government Institutions/Autonomous Bodies etc. subject to the condition that the price of items does not exceed the selling price shown in Annexures of the Government Order read 2nd above.

All Government Departments/Public Sector Undertakings/Local Self Government Institutions/Autonomous Bodies etc. can purchase their requirements of processed rubberwood furniture and office furniture directly from M/s. Meenachil Rubberwood Ltd. without following tender formalities, at the rates not exceeding the selling price shown against each item in the Annexures of the Government Order read as 2nd above. They should also ensure that the period of validity of relaxation to para 9.23 of the Stores Purchase Manual is in force, at the time of purchase of the aforesaid items from M/s. Meenachil Rubberwood Ltd.

By order of the Governor,

PRADEEPKUMAR, C. G.,
Additional Secretary to Government.

To

The Secretary, Kerala Legislature Secretariat, Thiruvananthapuram (with C. L.).

All Heads of Departments/Offices/Public Sector Undertakings/ Autonomous Bodies/Local Self Government Institutions etc.

The Principal Accountant General (Audit), Kerala, Thiruvananthapuram.

3

The Accountant General (A&E), Kerala, Thiruvananthapuram.

The Commissioner for Rural Development (for informing Block Panchayats).

The Deputy Directors of Panchayats (for informing all Grama Panchayats).

The Secretaries of all District Panchayats.

The Regional Performance Audit Officer, Kollam/Ernakulam/ Kozhikode.

The Managing Director, M/s. Meenachil Rubberwood Ltd., P. B. No.1424, Philadelphia, IPC Building, K. K. Road, Kanjikuzhy, Kottayam-686 004.

The Industries (G) Department [Vide U. O. (F) No. IND-G2/155/ 2017-IND].

C-DIT, Gorky Bhavan, Vanrose Jn., Thiruvananthapuram (for hosting the Government Order in the Government website www.spd.kerala.gov.in).

The Web and New Media (I & PRD), Thiruvananthapuram (for hosting the Government Order in the Government website www.kerala.gov.in).

All Departments in the Secretariat (including Law and Finance).

The Stores Purchase (A1, A2, A4, B, Inspection Wing-I & II) Departments.

Stock File/Office Copy.

4

MEENACHIL RUBBERWOOD LIMITED,
ADIVARAM P. O., KOTTAYAM DISTRICT, KERALA
Sales Value of Furniture items—Before Duty, Taxes
(Excise Duty and KVAT)

TRANSPORTATION AND UNLOADING CHARGES

Sl. No.	*Item*	*Item Code*	*Measurement in "mm"*	*Rate (₹)*
(1)	(2)	(3)	(4)	(5)
1	Dining Table	Hexa	1800 L×1050 W×750 H	8750
2	Dining Table	Elegensa	2400 L×1200 W×750 H	11500
3	Dining Table	Elegensa	1200 L×900 W×750 H	6900
4	Dining Table	Quadra	1200 L×750 W×750 H	6000
5	Dining Table (Zeiro)	Round Table	1200 L×1200 W×750 H	8000
6	Dining Table	Resto	1200 L×600 W×750 H	5400
7	Dining Table	Yuba Oval	1800 L×900 W×750 H	10750
8	Dining Table Glass Top	Glass Top	1800 L×1200 W×750 H	14000
9	Computer Table (CT09)	T1	1200 L×600 W×750 H	8400
10	Study Table (ST 10)	T2	900 L×600 W×750 H	6200
11	Teapoy T 11	Tea1	750 L×450 W×450 H	2500
12	Teapoy T 12	Tea or 1	900 L×525 W×450 H	3800
13	Folding Stool FS13	Fold S1	330 L×330 W×457 H	1250

5

(1)	(2)	(3)	(4)	(5)
14	Folding Table FT14	Fold T1	718 L×457 W×635 H	1500
15	Sit Out Chair with Arm C 15	DC2K03	469 L×584 W×889 H	2750
16	Dining Chair with Upholstry C 16	DC2K11 U	457 L×457 W×991 H	3300
17	Jefferson Chair C 17	Jefferson	432 L×432 W×889 H	3250
18	Executive Chair C 18	Ex-Chair	419 L×419 W×864 H	6000
19	Office Chair with Arm & Upholstry C 19	Metro C1	500 L×520 W×890 H	3500
20	Sit Out Chair Double c-20	Vydurya-2	1181 L×457 W×863 H	4500
21	Sit Out Chair Single c-21	Vydurya-1	546 L×457 W×863 H	3000
21A	Arch Chair (Chair with Arm)	Arch Chair	700 L×540 W×1100 H	3100
21B	Chair Without Arm	DC2 K01	450 L×450 W×890 H	1700
22	Sofa Single S 22	ECO-1	660 L×457 W×863 H	4750
23	Sofa Double S 23	ECO-2	1168 L×457 W×863 H	6800

6

(1)	(2)	(3)	(4)	(5)
24	Sofa 3 Seater S 24	ECO-3	1730 L×457 W×863 H	9500
25	Sofa Single S 25	Sofa-OR1	620 L×530 W×900 H	8200
26	Sofa 3 Seater S 26	Sofa-OR3	1730 L×530 W×900 H	16500
27	Sofa OR 02 S 27	Sofa-OR2	1200 L×530 W×900 H	13000
28	Sofa Single S 28	Deluxe 1	670 L×530 W×900 H	7300
29	Sofa Double S 29	Deluxe 2	1200 L×530 W×900 H	12250
30	Sofa 3 Seater S 30	Deluxe 3	1730 L×530 W×900 H	16500
31	COT 3' C31	Fampack 3'	1905 L×914 W×355 H	6400
32	COT 4' C32	Fampack 4'	1905 L×1219 W×355 H	7250
33	COT 5' C33	Fampack 5'	1905 L×1524 W×355 H	9250
34	COT 3' C34	Deluxe 3'	1905 L×914 W×355 H	6500
35	COT 4' C35	Deluxe 4'	1905 L×1219 W×355 H	7600
36	COT 5' C36	Deluxe 5'	1905 L×1524 W×355 H	9500
37	COT 3' C37	Metrozen 3'	1905 L×914 W×355 H	8000
38	COT 4' C38	Metrozen 4'	1905 L×1219 W×355 H	9500
39	COT 5' C39	Metrozen 5'	1905 L×1524 W×355 H	11500
40	Diwan Cot C40	Diwan C1	2072 L×548 W×470 H	9000

7

(1)	(2)	(3)	(4)	(5)
Institution Furniture (School and College)				
41	Students Desk Single S 41	TSA 600	600 L×400 W×750 H	3000
42	Hexagonal Table (Half Portion) S 42	HTD 1200	1200 L×600 W×625 H	15000
43	LP Desk with Shelf S 43	LDC 1200	1200 L×380 W×670 H	4000
44	Desk with Shelf S 44	STA 1200	1200 L×400 W×750 H	4400
45	Ordinary Desk S 45	DA 1800	1800 L×400 W×750 H	3700
46	Slopped Desk S 46	SLD-A1800	1800 L×430 W×800 H	5000
47	Chair S 47	CSA-450	450 L×450 W×840 H	2750
48	Kids Chair S 48	KC-C380	330 L×330 W×650 H	2300
49	Ordinary Bench S 49	BA-1800	1800 L×300 W×450 H	3000
49A	Charu Bench	SBA-1200	1200 L×350 W×450 H	4000
50	Leaning Bench S 50	LDA-1800	1800 L×380 W×850 H	5500
51	Teachers Table with One Draw T 51		900 L×600 W×750 H	6000

3/2610/2017/S-26.

8

(1)	(2)	(3)	(4)	(5)
52	Teachers Table without Draw T 52		900 L×600 W×750 H	4500
53	Teachers Chair without Arm C 53		450 L×450 W×915 H	2600
54	Executive Table with cabin Draw T 54		1500 L×1050 W×760 H	20000
55	Executive Tabie with cabin Draw with Computer work station T 55		1610 L×700 W× 910 L×750 H	39000
56	Conference Table T 56		1800 L×600 W×750 H	21000
57	Office Partition Single Skin (Wood & Glass) P 57		3300 L×1220 H	24000
58	Office Partition Double Skin (Wood & Glass) P 58		3300 L×1220 H	37000
59	Computer Works Station Single C 59		900 L×600W×750 H	7000

9

(1)	(2)	(3)	(4)	(5)
60	Shelf without Door S-60		1000 L×600 W×400 D	8500
61	Cupboard with Shelf & Door C-61		1800 L×900 W×400 D	28200
62	Cupboard without Door C-62		1800 L×900 W×400 D	20200
63	Book Shelf B-63	Taxila	1400 L×500 W×280 D	8750
64	Podium (Shelf) P-64		1250 H×660 W×450 D	12000
65	Overhead Storage with Door S-65		1500 L×600 W×400 D	18200
66	Medium Height Storage with Door S-66		1500 L×750 W×400 D	22300
67	Full Height Storage with Door S-67		1500 L×2440 W×600 D	65100
68	Wall Panelling P-68		2440 L×1200 H	13000
69	Doors for Partition D-69 (with closer)		2100 L×900 W	13100

L=Length, W=Width,
H=Height, D=Depth.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ/കുടുംബശ്രീ ഓണം-ബക്രീദ് വിപണനമേള 2017– ജില്ലാ പഞ്ചായത്തുകൾ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾ, കുടുംബശ്രീ എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ)നം.2612/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 28-07-2017

==========

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 20.06.2017, 10.07.2017 എന്നീ തീയതികളിലെ 8596/ഡി.പി1/17/സിആർഡി നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ പഞ്ചായത്തുകളുടെയും, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ 1984 മുതൽ എല്ലാ വർഷവും ഓണക്കാലത്തോടനുബന്ധിച്ച് ജില്ലകൾതോറും ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ വിപണനമേളകൾ സംഘടിപ്പിച്ച് വരാറുണ്ട്. കരകൗശല ഉല്പന്നങ്ങൾ, നാടൻ കാർഷിക ഉല്പന്നങ്ങൾ, നാടൻ പലഹാരങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, വിവിധതരം അച്ചാറുകൾ, കൈത്തറി വസ്ത്രങ്ങൾ, അലങ്കാര ചെടികൾ, ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ എന്നിവ തയ്യാറാക്കുന്ന ഉല്പന്നങ്ങൾ എന്നിവയ്ക്ക് ഓണക്കാലത്ത് മികച്ച വിപണന സാദ്ധ്യതയാണുള്ളത്. എസ്.ജി.എസ്.വൈ പദ്ധതി എൻ.ആർ.എൽ.എം ആയി രൂപാന്തരപ്പെട്ട സാഹചര്യത്തിൽ, എസ്.ജി.എസ്.വൈ ഫണ്ടിന്റെ അപര്യാപ്തതമൂലം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിപണനമേളകൾ സംഘടിപ്പിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത് എന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശകത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

2.മേൽ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തുകൾ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾ എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ കുടുംബശ്രീ ജില്ലാ മിഷനുകളുടെ സഹായത്തോടെ ഈ ഓണക്കാലത്ത് വിപണനമേളകൾ സംഘടിപ്പിച്ചാൽ ജില്ലകളിലെ സ്വയം സഹായ സംഘങ്ങൾക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും കൂടുതൽ വിപണന സാദ്ധ്യതകൾ തുറക്കുന്നതിനും, മെച്ചപ്പെട്ട സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനും, മികച്ച സംഘാടനത്തിനും ഇടയാക്കുമെന്നും ആയതിനാൽ കഴിഞ്ഞ 32 വർഷമായി ഗ്രാമീണ ഉല്പന്നങ്ങൾക്ക് വലിയൊരു വിപണന സാദ്ധ്യതയുണ്ടാക്കുന്ന ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ മേള കുടുംബശ്രീയുടെ കൂടെ സഹകരണത്തോടെ ഈ വർഷത്തെ ഓണക്കാലത്ത് ആകർഷണീയമായും ചിട്ടയായും സംഘടിപ്പിക്കുന്നതിനാവശ്യമായ അനുമതി നൽകണമെന്നും ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന നിബന്ധനകളോടെ ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ/കുടുംബശ്രീ ഓണം-ബക്രീദ് വിപണനമേള നടത്തുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

1. ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ/കുടുംബശ്രീ ഓണം-ബക്രീദ് വിപണനമേള 30.08.2017 മുതൽ 03.09.2017 വരെ ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്.
2. മേള സംഘടിപ്പിക്കാനുള്ള ഫണ്ട് ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ ലഭ്യമല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾ പരമാവധി 50,000/-രൂപ വച്ചും ജില്ലാ പഞ്ചായത്തുകൾ പരമാവധി 1,50,000/-വച്ചും

ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾക്ക് നൽകേണ്ടതാണ്. എന്നാൽ ആകെ ചെലവ് 8.00 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല.

3. മേളയിൽ സെയിൽ ചാർജ് 2% ആയി നിജപ്പെടുത്തേണ്ടതാണ്.
4. മേള സംഘടിപ്പിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ ഗ്രാമവികസന കമ്മീഷണർ പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ
4. എല്ലാ ജില്ലകളിലേയും ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളുടെ പ്രോജക്ടർ ഡയറക്ടർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
5. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
9. ധനകാര്യവകുപ്പ്
10. ഇൻഫർമേഷൻ കേരള വിഷൻ ഡയറക്ടർ
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ/കുടുംബശ്രീ ഓണം-ബക്രീദ് വിപണനമേള 2017– ജില്ലാ പഞ്ചായത്തുകൾ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾ, കുടുംബശ്രീ എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ നടത്തുന്നതിന് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ)നം. 2799/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 14.08.2017.

==========

പരാമർശം:- 1. 28.07.2017 തീയതിയിലെ സ.ഉ.(സാധാ)നം.2612/2017/തസ്വഭവ നംപർ സർക്കാർ ഉത്തരവ്.

2. ഗ്രാമവികസന കമ്മീഷണറുടെ 08.08.2017 തീയതിയിലെ 8596/ഡി.പി1/17/സിആർഡി നമ്പർ കത്ത്.

ഉത്തരവ്

ഗ്രാമവികസന കമ്മീഷണർ പരാമർശ കത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിന്റെ വെളിച്ചത്തിൽ, 30.08.17 മുതൽ 03.09.2017 വരെയുള്ള തീയതികളിൽ ഐ.ആർ.ഡി.പി/എസ്.ജി.എസ്സ്.വൈ/കുടുംബശ്രീ ഓണം ബക്രീദ് വിപണനമേള 2017 സംഘടിപ്പിക്കാൻ അനുമതി നൽകിയ പരാമർശ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് 29.08.2017 മുതൽ 02.09.2017 വരെയുള്ള തീയതികളിൽ പ്രസ്തുത മേള സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

മേൽ പറയുന്ന ഭേദഗതിയോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ എബ്രഹാം
അഡീഷണൽ സെക്രട്ടറി

പകർപ്പ്

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ
4. എല്ലാ ജില്ലകളിലേയും ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളുടെ പ്രോജക്ടർ ഡയറക്ടർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
5. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
9. ധനകാര്യവകുപ്പ്
10. ഇൻഫർമേഷൻ കേരള വിഷൻ ഡയറക്ടർ
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഓഡിറ്റ് റിപ്പോർട്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഓഡിറ്റ് മോണിറ്ററിങ്ങ് കമ്മിറ്റിയുടെ കീഴിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്

സ.ഉ.(സാധാ) നം. 2794/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 14 .08. 2017.

==========

പരാമർശം:- സ.ഉ(സാധാ) നം. 2121/2007/തസ്വഭവ, തീയതി:-04/08/2007

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ വാർഷിക റിപ്പോർട്ടിന്മേലും, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേലും, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടുകളിന്മേലും, ഉണ്ടാകുന്ന ഓഡിറ്റ് പരാമർശങ്ങളിൻമേൽ/ശുപാർശകളിൻമേൽ സമയബന്ധിതമായി നിയമസഭയ്ക്ക് മറുപടി ലഭ്യമാകുന്നില്ല എന്ന നിരീക്ഷണം നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ നിന്നും ഉണ്ടാകാൻ ഇടയായിട്ടുണ്ട്.

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ട, ഓഡിറ്റ് പരാമർശ വിധേയരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരാമർശങ്ങളിൻമേൽ കൃത്യവും, വ്യക്തവുമായ വിവരങ്ങൾ ഉൾപ്പെടുത്തി നടപടി വിവരങ്ങൾ തയ്യാറാക്കി നൽകുന്നതിൽ പലപ്പോഴും വിമുഖത കാണിക്കുകയും തത്ഫലമായി സർക്കാരിൽ ലഭ്യമാകുന്ന അവ്യക്തമായ പരിഹാര നടപടി റിപ്പോർട്ടുകൾ, നിയമസഭയ്ക്ക് സമർപ്പിക്കുവാൻ പര്യാപ്തമല്ലാത്തതായി വരികയും, അപ്രകാരം സമയബന്ധതിതമായി നടപടി വിവരം നിയമസഭയ്ക്ക് നൽകുവാൻ കഴിയാതെ വരുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്.

3) നിലവിലുള്ള നടപടിക്രമമനുസരിച്ച് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കപ്പെടുമ്പോൾ തന്നെ അവയിന്മേൽ പരാമർശ വിധേയരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ധനകാര്യ സ്ഥിരം സമിതി അത് വിശദമായി

പരിശോധിക്കേണ്ടതും, പരിഹാര നടപടികൾ, അടക്കമുള്ള വിശദമായ റിപ്പോർട്ടോടു കൂടി ഈ വിഷയം ഭരണ സമിതി പരിഗണനയ്ക്ക് സമർപ്പിക്കുകയും, ഭരണസമിതി വ്യക്തമായ പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ ധനകാര്യ സ്ഥിരം സമിതിയോ, ഭരണസമിതിയോ, ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ചക്കെടുക്കുകയേ ചെയ്യാറില്ല എന്നതാണ് ഇപ്പോൾ കണ്ടുവരുന്ന പ്രവണത. ഇക്കാരണത്താൽത്തന്നെ സമിതി മുൻപാകെ നൽകുന്ന ഉറപ്പുകൾ പാലിക്കാതെ പോകുകയോ അവയുടെ മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് വേണ്ടത്ര ഉത്തരവാദിത്വം ഇല്ലാതെ പോകുകയോ ചെയ്യുന്നു. ഇത്തരത്തിലുള്ള . പ്രവണത നിലനിൽക്കുന്നതു കാരണം ഉചിതമായ പരിഹാര നടപടികൾ സ്വീകരിച്ച് വ്യക്തമായ റിപ്പോർട്ടുകൾ നിയമസഭ മുൻപാകെ സമർപ്പിക്കുവാൻ സാധിക്കാതെ വരുന്നു. ന്യൂനതാ പരിഹാര പത്രിക(Remedial measures taken)/ നടപടി വിശദീകരണ പത്രിക(Statement of Action taken) എന്നിവയുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും, അവ സമയബന്ധിതമായി തയ്യാറാക്കുന്ന പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സുശക്തമായ ഒരു സംവിധാനം ആവശ്യമാണ് എന്ന് സർക്കാർ കരുതുന്നു.

4) വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾക്കും, ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി ശുപാർശകൾക്കും, സമയബന്ധിതമായി മറുപടി തയ്യാറാക്കി നൽകുന്നതിനും, ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, സംസ്ഥാനതലത്തിൽ ഓഡിറ്റ് മോണിറ്ററിങ്ങ് കമ്മിറ്റി രൂപീകരിച്ച് പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ഓഡിറ്റ് റിപ്പോർട്ടിന്മേലും പരാമർശിക്കപ്പെട്ടിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് കൃത്യമായ ആക്ഷൻ പോയിന്റുകൾ നല്കി സമയബന്ധിതമായി പരിഹാര നടപടികൾ സ്വീകരിക്കാനുള്ള ഒരു സംവിധാനം എന്ന നിലയിൽ താഴെപ്പറയുന്ന ഘടനയിൽ സംസ്ഥാനതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ഒരു സബ്കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

(1) തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി	ചെയർമാൻ
(2) സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ	കൺവീനർ
(3 നഗരകാര്യഡയറക്ടർ	അംഗം
4) പഞ്ചായത്ത് ഡയറക്ടർ	അംഗം
(5) ഗ്രാമവികസന കമ്മീഷണർ	- അംഗം

6) ധനവകുപ്പിന്റെ പ്രതിനിധി - അംഗം

7) ഓരോ റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുള്ള വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയുള്ള അണ്ടർ സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി /ജോയിന്റ് സെക്രട്ടറി/ അഡീഷണൽസെക്രട്ടറി - അംഗം

8) തദ്ദേശവകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ (റിപ്പോർട്ടിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ മാത്രം) -അംഗം

(9) ഓരോ റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം/ ഏജൻസിയുടെ പ്രതിനിധികൾ /ജില്ലാ തല ഉദ്യോഗസ്ഥർ - അംഗം

സബ്കമ്മിറ്റിയുടെ പ്രവർത്തന രീതി താഴെപ്പറയും പ്രകാരമായിരിക്കും.

5) നിയമസഭയിൽ സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകൾ സർക്കാരിൽ ലഭിച്ചാൽ അവ ആദ്യം പരിഗണിക്കുന്നത് ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ഈ സബ്കമ്മിറ്റി ആയിരിക്കും. സബ് കമ്മിറ്റി, ഓരോ റിപ്പോർട്ടും/പാരഗ്രാഫും വിശദമായി പഠിച്ച് സ്വീകരിക്കേണ്ട പരിഹാര നടപടികൾ ഓരോ ആക്ഷൻ പോയിന്റായി ക്രോഡീകരിക്കേണ്ടതാണ്. അവ നടപ്പാക്കാൻ ഉത്തരവാദപ്പെട്ട തദ്ദേശ സ്ഥാപനം/ഏജൻസി നടപ്പാക്കേണ്ട ഉദ്യോഗസ്ഥൻ, സമയപരിധി, മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥൻ എന്നിവരുൾപ്പെട്ട വിശദമായ ഫോർവേഡ് ആക്ഷൻ പ്ലാൻ സബ്കമ്മിറ്റി തയ്യാറാക്കി തദ്ദേശസ്ഥാപനങ്ങൾക്കു നൽകേണ്ടതാണ്. പരാമർശ വിധേയരായ തദ്ദേശ സ്ഥാപനങ്ങൾ ഖണ്ഡിക(3)ൽ വിവരിച്ച നടപടിക്രമങ്ങൾ പാലിച്ച് പരമാവധി ഒരു മാസത്തിനകം അവയിൽ നടപടി സ്വീകരിച്ച് മറുപടി നല്കേണ്ടതാണ് . മറുപടിയിൽ പരിഹാര നടപടികൾ കൃത്യമായി സ്വീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി വേണം വകുപ്പുതലവൻമാർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടത്. ഇതിനായി വകുപ്പുതലവൻമാരുടെ ഓഫീസിലും, ജില്ലാ /മേഖലാ തലത്തിലും പ്രത്യേക മേൽനോട്ട സംവിധാനം ഒരുക്കേണ്ടതാണ്. ഇത് സംബന്ധിക്കുന്ന വിശദമായ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

6) ഫോർവേഡ് ആക്ഷൻ പ്ലാൻ അനുസരിച്ച് മറുപടികൾ ജില്ലാ തലത്തിൽ/ ഡയറക്ടേറ്റ് തലത്തിൽ വിലയിരുത്തി തൃപ്തികരമല്ലെങ്കിൽ ഉടൻതന്നെ പുതുക്കിയ മറുപടി ആവശ്യപ്പെടേണ്ടതാണ്. ഫോർവേഡ് ആക്ഷൻ പ്ലാൻ അനുസരിച്ച് നടപടി

സ്വീകരിക്കേണ്ടതിന്റെ പ്രാഥമിക ഉത്തരവാദിത്വം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കായിരിക്കും. ജില്ലാ/മേഖലാ തല ഉദ്യോഗസ്ഥർ ഇതിനു മേൽനോട്ടം വഹിക്കേണ്ടതും കൃത്യമായ ഇടവേളകളിൽ വിലയിരുത്തൽ നടത്തേണ്ടതുമാണ്. സബ് കമ്മിറ്റി, വകുപ്പുതല ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റിയുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കേണ്ടതാണ്. കുറഞ്ഞത് മാസത്തിലൊരിക്കലെങ്കിലും സബ് കമ്മിറ്റി യോഗം ചേരേണ്ടതും ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.ഷാജഹാൻ

ഗവൺമെന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ളാനർ, ജനറൽ /വിജിലൻസ് തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള(ജി& എസ്.എസ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള (ആഡിറ്റ്)
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ(കൊല്ലം, കൊച്ചി,കോഴിക്കോട്)
(നഗരകാര്യ , ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ടൗൺ പ്ളാനിങ്ങ് ഓഫീസർമാർക്കും,(ചീഫ് ടൗൺ പ്ളാനർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഇൻഫർമേഷൻസ് ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് (വേണ്ടത്ര പ്രചാരണത്തിന്)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻകേരളാ മിഷൻ, സ്വരാജ്ഭവൻ, നന്തൻകോട്,തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ്& ന്യൂ മീഡിയ, സൗത്ത് ബ്ളോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി - ജില്ലാതല തുടർ വിദ്യാഭ്യാസ കലോത്സവം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 2870/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 22/08/2017.

പരാമർശം:- 1. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 13.07.2017-ലെ ഇ 8-4302/17/കേ.സം.സാ.മി.അ നമ്പർ കത്ത്.

2. 16.02.2006. ലെ സ.ഉ.(എം.എസ്.) 58/06/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവ്

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ സംസ്ഥാന തുടർ വിദ്യാഭ്യാസ കലോത്സവത്തിന് മുന്നോടിയായി ജില്ലാതലങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന തുടർ വിദ്യാഭ്യാസ കലോത്സവങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിനു അനുമതി നൽകണമെന്ന് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 8-ാമത് സംസ്ഥാന തുടർ വിദ്യാഭ്യാസ കലോത്സവത്തിന്റെ മുന്നോടിയായി നടത്തുന്ന ജില്ലാതല തുടർ വിദ്യാഭ്യാസ കലോത്സവം 2017 ന്റെ നടത്തിപ്പിനായി അതാത് ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പരമാവധി 1500/- (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പരമാവധി 3000/- (മൂവായിരം രൂപ മാത്രം) ജില്ലാ പഞ്ചായത്തുകളിൽ നിന്നും പരമാവധി 15,000/- (പതിനയ്യായിരം രൂപ മാത്രം) ജില്ലാതല സാക്ഷരതാ മിഷൻ അതോറിറ്റിയ്ക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിനും പരാമർശം രണ്ടിലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

3. ജില്ലാതല സാക്ഷരതാ മിഷനുകൾ സംഭാവന നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക്(പകർപ്പ് ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം മുഖേന)
പ്രസിഡന്റ് / സെക്രട്ടറി, ജില്ലാ പഞ്ചായത്തുകൾ. പത്തനംതിട്ട
ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ, TC No.25/92(2), ഗാന്ധാരി അമ്മൻകോവിൽ സ്ട്രീറ്റ്, പുത്തൻചന്ത, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 156-ാം വകുപ്പ് 4-ാം ഉപവകുപ്പ് (സി) ഖണ്ഡം പ്രകാരം പഞ്ചായത്ത് പ്രസിഡന്റിന് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി വർദ്ധിപ്പിച്ചുക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(എം എസ്) നം. 171/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 26.08 .2017.

==========

പരാമർശം:- 1. സ.ഉ(എം എസ്)നം.271/2004/തസ്വഭവ തിയതി 04.09.2004

2. പഞ്ചായത്ത് ഡയറക്ടറുടെ 16.03.2017 ലെ ജെ3-1418/2017 നമ്പർ കത്ത്.

ഉത്തരവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 156-ാം വകുപ്പ് 4-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി പരാമർശം (1) ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ഒരു പ്രാവശ്യം 5,000 രൂപയും പ്രതിമാസം 10,000 രൂപയുമാക്കി നിജപ്പെടുത്തിയിരുന്നു. നിലവിലുള്ള നിരക്ക് 12 വർഷം ആയ സ്ഥിതിക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഒറ്റത്തവണ കണ്ടിജന്റ് ചെലവ് പരിധി പുതുക്കി നിശ്ചയിക്കുന്നത് അഭികാമ്യമായിരിക്കും എന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 156-ാം വകുപ്പ് 4-ാം ഉപവകുപ്പ് (സി) ഖണ്ഡം പ്രകാരം ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി ഒരു പ്രാവശ്യം 7,500/- രൂപയും മാസപരിധി 15,000/- രൂപയുമായി വർദ്ധിപ്പിച്ചുക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സിനി.ജെ.ഷുക്കൂർ

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ഫിഫ അണ്ടർ 17 വേൾഡ് കപ്പ് 2017 മത്സരങ്ങൾ – പ്രചരണ പരിപാടികൾക്കായി തദ്ദേശ സ്വംയഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 3097/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 20/09/2017

പരാമർശം:- ഫിഫ അണ്ടർ 17 വേൾഡ് കപ്പ് 2017 നോഡൽ ഓഫീസറുടെ 07/09/2017 ലെ കത്ത്.

ഉത്തരവ്

ഫിഫ അണ്ടർ 17 വേൾഡ് കപ്പ് 2017 ഒക്ടോബർ 7 മുതൽ 22 വരെ കൊച്ചിയിൽ വച്ച് നടക്കുകയാണെന്നും, ഈ സംരംഭവുമായി ബന്ധപ്പെട്ട് പ്രചരണ പരിപാടികൾ നടത്തുകയാണെന്നും, ആയതിന്റെ നടത്തിപ്പിലേയ്ക്കായി പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ഒരു ലക്ഷത്തിൽ കവിയാത്ത തുക സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നുമാണ് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017 ഒക്ടോബർ 7 മുതൽ 22 വരെ കൊച്ചിയിൽ വച്ച് നടക്കുന്ന ഫിഫ അണ്ടർ 17 വേൾഡ് കപ്പ് 2017 പ്രചരണ പരിപാടികൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപ വീതവും, മുനിസിപ്പാലിറ്റികളിൽ നിന്ന് 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ വീതവും കോർപ്പറേഷനുകളിൽ നിന്ന് 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ വീതവും അവരുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, ഫിഫ അണ്ടർ 17 വേൾഡ് കപ്പ് 2017, കൊച്ചി.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ.) നമ്പർ. 3186/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 02.10.2017

പരാമർശം :- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 27.07.2017 ലെ യോഗതീരുമാനം.

ഉത്തരവ്

നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഇ-ടെണ്ടറിന്റെ ഫോറത്തിന്റെ വില, നിരതദ്രവ്യം മുതലായവ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മാത്രമേ ഈ ആവശ്യത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതിയുള്ളൂ എന്നതിനാലാണ് ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നത്.

2. പരാമർശത്തിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 27.07.2017 ലെ യോഗനടപടിക്കുറിപ്പിലെ പൊതുവിഷയങ്ങളിന്മേലുള്ള 6ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി.,
ഡെപ്യൂട്ടി സെക്രട്ടറി.

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം,
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും (പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ മുഖേന)
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് (വികേന്ദ്രീകൃതാസൂത്രണതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.07.2017 ലെ യോഗതീരുമാനം പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവരപൊതുജന സമ്പർക്ക വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് — മീസിൽസ്- റൂബെല്ലാ വാക്സിനേഷൻ കാമ്പയിൻ 2017 – തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം.3439/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 28.10.2017

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 5/10/2017 ലെ യു.ഐ.പി1-13122/2017 നംബർകത്ത്.

ഉത്തരവ്

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ 2017 ഒക്ടോബർ 3 മുതൽ നവംബർ 3 വരെ മീസിൽസ്- റൂബെല്ലാ വാക്സിനേഷൻ പദ്ധതി നടത്തുകയാണെന്നും സ് കൂളുകൾ അംഗൻവാടികൾ , ആശുപത്രികൾ , ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ വഴി നടത്തുന്ന മീസിൽസ് റൂബെല്ല കാമ്പയിനിൽ വാക്സിൻ സംസ്ഥാന -ജില്ലാ തലങ്ങളിൽ നിന്നും താഴെ തട്ടിൽ എത്തിക്കുന്നതിനും ഡോക്ടർമാർ ഉൾപ്പെടെ വിവിധ ആരോഗ്യ പ്രവർത്തകരെ വിവിധ ക്യാംപുകളിൽ നിയോഗിക്കുന്നതിനും വേണ്ട അധിക ചെലവുകൾ നേരിടുന്നതിനും, വാഹനം, മൊബിലൈസേഷൻ സംബന്ധിച്ച കാര്യങ്ങൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനു പ്രസ്തുത തുക അതത് സ്ഥാപനത്തിന്റെ കീഴിലുള്ള പി.എച്ച് സി /സി എച്ച്. സി /ഗവ.ആശുപത്രി എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർ ഇൻചാർജ്ജുമാർ /സൂപ്രണ്ടുമാർ എന്നിവർക്ക് നൽകുന്നതിന് അനുമതി നൽകണമെന്ന് ആരോഗ്യ കുടുംബ ക്ഷേമ ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മീസിൽസ്- റൂബെല്ലാ വാക്സിനേഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾ , മുൻസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ നിന്ന് പരമാവധി 10,000/-(പതിനായിരം) രൂപയും , കോർപറേഷനുകളിൽ നിന്ന് പരമാവധി 15,000/- (പതിനയ്യായിരം)രൂപയും അവരവരുടെ തനതു ഫണ്ടിൽ നിന്നും, അതത് സ്ഥാപനത്തിന്റെ കീഴിലുള്ള പി.എച്ച് സി /സി എച്ച്. സി /ഗവ.ആശുപത്രി എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർ ഇൻചാർജ്ജുമാർ /സൂപ്രണ്ടുമാർ എന്നിവർക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത മെഡിക്കൽ ഓഫീസർമാർ ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജി.എസ്.ടി. - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(അച്ചടി)നം.87/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 01.11.1.2017.

വായന :- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ 19/10/2017 ലെ 3.8 നമ്പർ തീരുമാനം.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.10.2017 ലെ DB3/9058/17/CE/LSGD നമ്പർ കത്ത്.

ഉത്തരവ്

01.07.2017 മുതൽ കേന്ദ്ര സർക്കാർ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലാക്കിയതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവഹണം ജി.എസ്.ടി ചട്ടങ്ങൾക്ക് അനുസൃതമായി നടപ്പിൽ വരുത്തുന്നതിന് മുകളിൽ വായിച്ച ഒന്നാം രണ്ടും പ്രകാരമുള്ള തീരുമാനത്തിന്റെയും കത്തിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

2) 30.06.2017-ന് മുൻപ് പൂർത്തിയാക്കി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ജി.എസ്.ടി ബാധകമല്ല. ആയതിന് മൂല്യവർധിത നികുതി (VAT)മാത്രമാണ് ബാധകം. എന്നാൽ 01.07.2017 - ന് ശേഷം നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ജി.എസ്.ടി ബാധകമായിരിക്കുന്നതാണ്.

1. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി ചട്ടം 25-ാം വകുപ്പ് പ്രകാരം TAN, PAN ആധാരമാക്കിയുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായും എടുക്കേണ്ടതാണ്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒന്ന് എന്ന രീതിയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സെക്രട്ടറിയുടെ പേരിൽ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.
2. ജി.എസ്.ടി രജിസ്ട്രേഷൻ, www.gst.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ ആയാണ് രജിസ്റ്റർ ചെയ്യേണ്ടത്. എല്ലാ സെക്രട്ടറിമാരും ഉടനടി ജി.എസ്.ടി രജിസ്ട്രേഷൻ നടപടികൾ

പൂർത്തീകരിച്ച് വിവരം മേലധികാരികളെ അറിയിക്കേണ്ടതാണ്.

3. ജി.എസ്.ടി ചട്ടങ്ങൾ പ്രകാരമുള്ള കിഴിവുകളും, Return filing-ഉം സമയബന്ധിതമായി നടത്തേണ്ടതിനാൽ അതത് സ്വയംഭരണ സ്ഥാപനങ്ങളിലെ ഒരു ഉദ്യോഗസ്ഥനെയോ / ചാർട്ടഡ് അക്കൗണ്ടന്റിന് സമാനമായ വിദഗ്ദ്ധരുടേയോ സേവനം സ്വീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന വിൽപ്പനകൾ, വാങ്ങലുകൾ, Net Payments എന്നിവ നിശ്ചിത ഫോറങ്ങളിൽ നിശ്ചിത തീയതികൾക്ക് മുൻപായി ജി.എസ്.ടി പോർട്ടലിൽ ഓൺലൈനായി നിർബന്ധമായും ഫയൽ ചെയ്യേണ്ടതാണ്.

4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 01.07.2017-ന് ശേഷം പൂർത്തിയാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ നൽകുമ്പോൾ 2% ജി.എസ്.ടി (GST-TDS) കിഴിവ് വരുത്തേണ്ടതാണ്. ടി തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ 5 ദിവസത്തിനകം ഇ-പേയ്മെന്റിലൂടെ സെൻട്രൽ ടാക്സസ് ഡിപ്പാർട്ട്മെന്റിൽ അടവ് വരുത്തേണ്ടതാണ്. ആയതിനായി ദേശസാൽകൃത ബാങ്കുകളിൽ ഒരു പുതിയ അക്കൗണ്ട് തുറക്കുകയോ നിലവിലുള്ള അക്കൗണ്ടുകൾ ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്. കിഴിവ് വരുത്തുന്നതിലോ, Return file ചെയ്യുന്നതിലോ കാലതാമസം ഉണ്ടാകുന്ന പക്ഷം ആയതിനുള്ള പിഴ ഇതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്. (ടി 2% ജി.എസ്.ടി ബില്ലുകളിൽ നിന്നും കിഴിവ് ചെയ്ത് നടപ്പാക്കണമെന്നുള്ള നിർദ്ദേശം 2018 മാർച്ച് 31 വരെ നടപ്പിലാക്കേണ്ടതില്ല എന്ന് ജി.എസ്.ടി കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ സാധനങ്ങൾ വിൽപ്പന നടത്തുന്ന സാഹചര്യത്തിൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ജി.എസ്.ടി ബാധകമാക്കേണ്ടതാണ്.

5. മാന്വൽ / ഇ-ടെണ്ടർ ഫോറത്തിന് നോട്ടിഫിക്കേഷൻ പ്രകാരം 12% ജി.എസ്.ടി ബാധകമാണ്. ജി.എസ്.ടി ഉൾപ്പെടുത്തിയ തുകയാണ് ടെണ്ടർ ഫോമിനൊപ്പം ഈടാക്കേണ്ടത്.

6. പഴയ വാഹനങ്ങൾ, ഫർണിച്ചർ എന്നിവ ലേലം ചെയ്തുവിൽക്കുന്നതിന് ജി.എസ്.ടി ബാധകമാണ്. ജി.എസ്.ടി കൂടി ചേർത്തുള്ള തുക ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. സാധനസാമഗ്രികളുടെ ജി.എസ്.ടി സംബന്ധിച്ച നിരക്കുകൾ സെൻട്രൽ ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

7. മരാമത്ത് പ്രവൃത്തികൾക്കുള്ള ഇ.എം.ഡി / സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കരാറുകാർ സമർപ്പിക്കുമ്പോൾ ജി.എസ്.ടി ബാധകമല്ല. എന്നാൽ പ്രവൃത്തികളിൽ വീഴ്ച വരുത്തുന്ന കരാറുകാരിൽ നിന്നും പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2116 പ്രകാരം ഇ.എം.ഡി / സെക്യൂരിറ്റി ഡെപ്പോസിറ്റ് forefeit ചെയ്യുന്ന സാഹചര്യത്തിൽ

ജി.എസ്.ടി ബാധകമാകുന്നതാണ്. മരാമത്ത് പ്രവൃത്തികളുടെ retention തുക മടക്കി നൽകുന്ന സാഹചര്യത്തിലും ജി.എസ്.ടി ബാധകമാകുന്നതാണ്.

8. തദ്ദേശ സ്വയംഭരണ സ്ഥാപനം ഷോപ്പിംഗ് കോംപ്ലക്സുകൾ, ആഡിറ്റോറിയങ്ങൾ എന്നിവ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന സാഹചര്യത്തിൽ ജി.എസ്.ടി ബാധകമാണ്.

9. റോഡ് കട്ടിംഗിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം അനുമതി നൽകുമ്പോൾ പുനർനിർമ്മാണത്തിന് ഈടാക്കുന്ന Restoration charge-ന് ജി.എസ്.ടി ബാധകമാണ്.

10 തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന വാങ്ങലുകൾക്ക് ജി.എസ്.ടി ബാധകമായിരിക്കുന്നതാണ്.

11 മരാമത്ത് പ്രവൃത്തികൾ വാങ്ങലായി ജി.എസ്.ടി-യിൽ കണക്കാക്കുന്നതിനാൽ അവയ്ക്ക് സെൻട്രൽ ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ 22.08.2017-ലെ 20/17 നമ്പർ നോട്ടിഫിക്കേഷനും, കേരള ടാക്സ് വകുപ്പിന്റെ 18.07.2017-ലെ Advisory 3 പ്രകാരവുമുള്ള ജി.എസ്.ടി നിരക്കുകളും നിബന്ധനകളും ബാധകമാകുന്നതാണ്.

12.മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും, അക്രഡിറ്റഡ് ഏജൻസികളും,ലേബർ കോൺട്രാക്ട് സൊസൈറ്റികളും നിർബന്ധമായും ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതും, ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.

13. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികളുടെ ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ, ഡി.പി.ആർ പ്രിപ്പറേഷൻ തുടങ്ങിയ പ്രവൃത്തികൾ കൺസൾട്ടന്റിനെ ഏൽപ്പിക്കുന്ന അവസരത്തിൽ ജി.എസ്.ടി ഉൾപ്പെടുത്തിയ തുക ടി കൺസൾട്ടന്റിന് നൽകേണ്ടതാണ്. (ഇത് നോട്ടിഫിക്കേഷനോടൊപ്പം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്)

14. പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113, Appendix 2100 G പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ കൂടെ കരാറുകാരന് നൽകേണ്ടതാണ്.

15. വ്യക്തിഗത സഹായങ്ങൾക്കുള്ള Valuation / stage certificate-കൾ, സ്കൂൾ / ഓർഫനേജ് മുതലായവയ്ക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് ജി.എസ്.ടി ബാധകമല്ലാത്തതാണ്.

16. കേരള ബിൽഡിംഗ് റൂൾസ് പ്രകാരം കെട്ടിട നിർമ്മാണ / ക്രമവൽക്കരണ അനുമതികൾക്കുള്ള ഫീസിന് ജി.എസ്.ടി ബാധകമല്ല.

17. ഇന്ത്യൻ ഭരണഘടനയുടെ Article 243G പ്രകാരം ത്രിതല പഞ്ചായത്തുകളും, 243W പ്രകാരം നഗരസഭകളും ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി ബാധകമല്ലാത്തതാണ്.

18.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുവരുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന പ്രധാനപ്പെട്ട നിർമ്മാണ സാമഗ്രികളുടെ ജി.എസ്.ടി നിരക്കുകൾ താഴെപ്പറയും പ്രകാരമാണ്.

ബിറ്റുമെൻ	-	18%
സ്റ്റീൽ	-	18%
സിമെന്റ്	-	28%
ടൈൽസ്	-	28%
അഗ്രിഗേറ്റ് (ബ്രോക്കൺ സ്റ്റോൺ)	-	5%
മണ്ണ്	-	5%
സോളിഡ് ബ്ലോക്ക്	-	28%
തടി	-	18%
പെയിന്റ്	-	28%
ഗ്ലാസ്സ് (ഫ്ളോട്ട്)	-	28%
അലുമിനിയം ഷീറ്റുകൾ		
പി.വി.സി പൈപ്പ്	-	18%

3) കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളായ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കൾവർട്ടുകൾ തുടങ്ങിയവയുടെ DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്തിട്ടുള്ളതാണ്. ആയതിന്റെ Net ജി.എസ്.ടി compensation താഴെ പറയും പ്രകാരം കണക്കാക്കിയിട്ടുണ്ട്.

Additional Tax Burden on Works awarded at pre GST Tax Rates
Abstract

Sl. No.	Type of Work	Extra Tax Burden under GST
1	Bituminous Topping Road Work (Bitumen Departmental Supply)	5
	Masonary Building (New and Maintanance) 18% GST	
	D/R - RR Retaining Wall	
2	Framed Building (New and Maintanance) 18% GST	3.5
3	Bituminous Topping Road Work (Bitumen Contractor Supply)	3
4	Bituminous Macadam and Bituminous Concrete (BM & BC)	2
5	Labour Oriented Work (if more than 75% earth work(Labour oriented)) (5% GST Rate)	1
6	Cement Concrete (CC) Works such as CC Road, CC Drain, CC Check Dam, CC Retaining wall, Wells, Interlocking Concrete Paving Block, New Building and Maintenance Masonry 12% GST, New Building and Maintenance Framed 12% GST, Bridge, Footpath, RCC Drain Slab	0

In case of Item No.3 - Bituminous Road Work (Bitumen Contractor Supply) the rate is arrived as 3% by considering the cost of the bitumen without considering cost index. (Ref: Circular No. CE/R&B/PRICE/6725/2015 dated 10.04.17)

4)മേൽ പട്ടിക പ്രകാരമുള്ള ജി.എസ്.ടി compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ്. ടി പട്ടിക പ്രകാരമുള്ള ഇനങ്ങൾ കൂട്ടിച്ചേർത്ത് വരുകയാണെങ്കിൽ ടി ഇനങ്ങളിൽ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ ജി.എസ്.ടി compensation നൽകേണ്ടതാണ്. പ്രവൃത്തികൾക്ക് ബില്ല് തയ്യാറാക്കുമ്പോൾ Tender excess, Tender deduction എന്നിവ വരുത്തിയതിനുശേഷം Net amount-ന്റെ കൂടെ ജി.എസ്.ടി compensation ശതമാന കണക്കിൽ അധികമായി കൂട്ടി നൽകേണ്ടതാണ്. ഈ സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിനോടൊപ്പം ജി.എസ്.ടി compensation-ന്റെ അധിക നിരക്ക് ശതമാനക്കണക്കിൽ അധികമായി കൂട്ടി

ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികമായി ആവശ്യമായി വരുന്ന തുക Tender savings, Own fund, ഈ വർഷം നടപ്പിലാക്കാൻ കഴിയില്ലെന്ന് കണ്ടെത്തിയ പ്ലാൻ പ്രോജക്ടുകൾ (WCP ഉൾപ്പെടുത്തിയും എന്നാൽ TSP, SCP എന്നിവ ഒഴിവാക്കിയും) എന്നിവയിലൂടെ അധികമായി കണ്ടെത്താവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടി. കെ. ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർമാൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം(ത.സ്വ.ഭ.വകുപ്പിന്റെ വെബ്സൈറ്റിൽ അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിനായി)
ഡയറക്ടർ, കില, തൃശ്ശൂർ
പ്രോജക്ട് ഡയറക്ടർ, തദ്ദേശമിത്രം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ/ശുചിത്വമിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ളീൻ കേരള കമ്പനി ലിമിറ്റഡ്
ധനകാര്യ വകുപ്പ് (I & PW-B2/292/2017-Fin തീയതി .31.10.17 അ.കു. പ്രകാരം)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പകർപ്പ്:- ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി (ഡി.എ./ഡി.ബി.)

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ലോക വികലാംഗദിനാചരണം 2017 - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം യഥേഷ്ടാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 3680/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 15/11/2017

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 20.09.2017, 01.11.2017 തീയതികളിലെ H2-32572/16 നമ്പർ കത്ത്.
2. 16.02.2006 തീയതിയിലെ സ.ഉ(എം.എസ്.) 58/06/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

ലോകവികലാംഗ ദിനമായ ഡിസംബർ 3 സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും സമുചിതമായി ആഘോഷിക്കാറുണ്ടെന്നും, നടപ്പു വർഷവും (2017) ലോക വികലാംഗദിനാഘോഷ പരിപാടികൾ ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നതിന്റെ ചെലവുകൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് നൽകുന്നതിനുള്ള നപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017 ഡിസംബർ 3 നു ജില്ലാതലത്തിൽ നടത്തുന്ന ലോകവികലാംഗ ദിനാചരണത്തിന്റെ സംഘാടന ചെലവുകൾക്ക് ഗ്രാമ പഞ്ചായത്തുകൾ പരമാവധി 3000/- (മൂവായിരം രൂപ മാത്രം) രൂപ വീതവും ബ്ലോക്ക് പഞ്ചായത്ത് / നഗരസഭകൾ 7000/- (ഏഴായിരം രൂപ മാത്രം) രൂപ വീതവും കോർപ്പറേഷനുകൾ 12000/- (പന്ത്രണ്ടായിരം രൂപ മാത്രം) രൂപ വീതവും തനതു ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2)ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി അതാത് ജില്ലാ സാമൂഹ്യനീതി ആഫീസർക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

കൈപ്പറ്റുന്ന തുകയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പ്രസ്തുത ജില്ലാ സാമൂഹ്യനീതി ഓഫീസർ വരവ് ചെലവുകളുടെ അടിസ്ഥാനത്തിലുള്ള ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സാമൂഹ്യ നീതി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്))
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

ട്രഷറി ഇടപാടുകളിൽ ക്രമീകരണം ഏർപ്പെടുത്തുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

==========

ധനകാര്യ (രഹസ്യ) വകുപ്പ്

സ.ഉ.(പി) നം.147/2017/ധന. തീയതി, തിരുവനന്തപുരം, 16/11/2017.

==========

ഉത്തരവ്

പൂർത്തിയാകാത്ത പ്രവൃത്തികൾക്കും പർച്ചേസുകൾക്കും സാമ്പത്തിക അച്ചടക്കവും ചിട്ടകളും അനുശാസിക്കുന്ന ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാർ വകുപ്പുകളും സർക്കാരിനു കീഴിലുള്ള വിവിധ സ്വയം ഭരണ സ്ഥാപനങ്ങൾ/പൊതുമേഖലാസ്ഥാപനങ്ങൾ/ ബോർഡുകൾ/കോർപ്പറേഷനുകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ മുതലായവ തുകകൾ പിൻവലിച്ച് വിവിധ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ട്രഷറിയിൽ സംയോജിത ധന മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ്) നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ട്രഷറി ഇടപാടുകൾ ക്രമീകരിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് പണം കൈമാറുന്നതിനുള്ള സൗകര്യം ട്രഷറികളിൽ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ വകുപ്പ്/സ്വയംഭരണ സ്ഥാപനം/ബോർഡ്/ കോർപ്പറേഷൻ/ തദ്ദേശസ്വയംഭരണ സ്ഥാപനം/ പൊതുമേഖലാ സ്ഥാപനം/ യൂണിവേഴ്സിറ്റി എന്നിവയുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ബില്ലുകൾ/ചെക്കുകൾ മുഖാന്തിരം കേന്ദ്രാവിഷ്കൃത പദ്ധതികളിലടക്കം പദ്ധതി വിഹിതം മാറി നൽകുന്നതല്ല. പകരം ഗുണഭോക്താവിന്റെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് തുക കൈമാറ്റം ചെയ്യേണ്ടതാണ്. വകുപ്പ്/സ്ഥാപനത്തിലെ ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ പ്രസ്തുത ഫണ്ട് കൈമാറ്റം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കാണെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ബില്ലിനോടൊപ്പം ട്രഷറികളിൽ സമർപ്പിക്കേണ്ടതാണ്. ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ ഇല്ലാത്ത ഓഫീസുകളിൽ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരാണ് മേൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടത്. ട്രഷറി ഓഫീസർമാർ ബില്ലുകൾ പാസ്സാക്കുന്നതിനുമുമ്പായി നിർദ്ദിഷ്ട സാക്ഷ്യപത്രം പരിശോധിച്ച് ആയത് ഉറപ്പ് വരുത്തേണ്ടതാണ്.

(ii) വിവിധ വകുപ്പ്/സ്വയംഭരണ സ്ഥാപനം/ബോർഡ്/കോർപ്പറേഷൻ/ തദ്ദേശസ്വയംഭരണ സ്ഥാപനം/ പൊതുമേഖലാ സ്ഥാപനം/ യൂണിവേഴ്സിറ്റി മുതലായവ ട്രഷറികളിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽനിന്നും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരവും വകുപ്പ്/ഓഫീസ് മേധാവിയുടെ നടപടിക്രമവും റ്റി.എസ്.ബി. ചെക്കിനോടൊപ്പം ട്രഷറികളിൽ സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട രേഖകളുടെ സൂക്ഷ്മപരിശോധന കൂടാതെ ട്രഷറി ഓഫീസർമാർ ചെക്കുകൾ ക്ലിയർ ചെയ്യുവാൻ പാടില്ല.

(iii) കേന്ദ്രാവിഷ്കൃതപദ്ധതികളുടെ കാര്യത്തിൽ കേന്ദ്ര വിഹിതം ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാനവിഹിതം അനുവദിക്കുവാൻ പാടുള്ളൂ. റീ-ഇമ്പേഴ്സ്മെന്റ് അടിസ്ഥാനത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മുൻവർഷങ്ങളിൽ നിർദ്ദിഷ്ട പദ്ധതിയ്ക്ക് ലഭിക്കേണ്ട കേന്ദ്രവിഹിതം ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് തനതുവർഷത്തെ ഫണ്ട് വിതരണം വകുപ്പുകൾ നടത്തേണ്ടത്.

ഇക്കാര്യം വ്യക്തമാക്കി ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ ബില്ലിനോടൊപ്പം സാക്ഷ്യപത്രം ട്രഷറികളിൽ സമർപ്പിക്കേണ്ടതാണ്

(iv) പൊതുമരാമത്ത് വകുപ്പ് / സംസ്ഥാന വൈദ്യുതി ബോർഡ് /ജല അതോറിറ്റി മുഖേനയല്ലാതെ അംഗീകൃത ഏജൻസികൾ മുഖാന്തിരം വിവിധ സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ തുക, നിലവിലുള്ള മറ്റ് നിബന്ധനകൾക്ക് വിധേയമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാത്രമേ നിക്ഷേപം നടത്തുവാൻ അനുവദിക്കുകയുള്ളൂ. മുൻ ഖണ്ഡിക (ii) ലെ നിബന്ധന ഡെപ്പോസിറ്റ് വർക്കുകൾക്കായി ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടുകൾക്കും ബാധകമായിരിക്കുന്നതാണ്.

2. മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് വകുപ്പ്/സ്ഥാപന മേധാവികൾ/ട്രഷറി ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മനോജ് ജോഷി

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ.) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണകുളം.
രജിസ്ട്രാർ, കേരള / കൊച്ചിൻ / കാലിക്കറ്റ് / മഹാത്മ ഗാന്ധി / കണ്ണൂർ സർവ്വകലാശാല /
കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.
പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് നൽകുകയും വിതരണത്തിന് ശേഷം വിതരണം ചെയ്യപ്പെടാത്ത തുക പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ നേരിട്ട് ഡി ബി റ്റി സെല്ലിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണെന്ന് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. ഇത്തരത്തിൽ വിതരണത്തിനായി നൽകുന്ന തുക ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ വിതരണം ചെയ്യേണ്ടതാണെന്നും പെൻഷൻ തുക പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവയിലേക്ക് ട്രാൻസ്ഫർ ചെയ്ത് 15 ദിവസത്തിനുള്ളിൽ വിതരണം നടത്തണമെന്നും സമയ പരിധിക്കുള്ളിൽ വിതരണം ചെയ്യപ്പെടാത്ത തുക തിരികെ ഡി ബി റ്റി സെല്ലിൽ തിരിച്ചെത്തുന്ന തരത്തിൽ പെൻഷൻ വിതരണം ക്രമപ്പെടുത്തണമെന്നും ഇത്തരത്തിൽ ഡി ബി റ്റി സെല്ലിൽ എത്തുന്ന തുക സഹകരണ വകുപ്പ് ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം എത്തേണ്ടതാണെന്നും അത് കണക്കുകളുടെ ഒത്തു നോക്കൽ സുഗമമാക്കുമെന്നുമുള്ള നിർദ്ദേശങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സുഗമവും വേഗത്തിലും ആക്കുന്നതിലേക്കും കണക്കുകൾ സുതാര്യമാക്കുന്നതിലേക്കും ചുവടെ ചേർത്തിരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

I) ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്നതിലേക്കുള്ള തുക ഡി ബി റ്റി സെൽ പിൻവലിച്ച് അതാത് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് കൈ മാറ്റം ചെയ്ത് 15 ദിവസത്തിനുള്ളിൽ വിതരണം ചെയ്യേണ്ടതാണ്.

ii) നിശ്ചിത സമയ പരിധിക്കുള്ളിൽ വിതരണം ചെയ്യപ്പെടാത്ത തുക, നേരിട്ട് ഡി ബി റ്റി സെല്ലിൽ എത്തുന്ന നിലവിലെ രീതിക്ക് പകരം , പ്രാഥമിക കാർഷിക/ മറ്റ് വായ്പാ സംഘങ്ങൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ സഹകരണ വകുപ്പ് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരുടെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതും , ആയത് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർമാർ പരാമർശം (5) ലെ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ

ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് നമ്പർ 79901210000001 ലേക്ക് തിരിച്ചടക്കേണ്ടതാണ്.

iii) ഈ നടപടി ക്രമം പാലിക്കുന്നുണ്ടെന്ന് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

iv) മുകളിൽ ഉത്തരവായതനുസരിച്ച് സേവന സോഫ്റ്റ്വെയറിൽ ഐ കെ എം ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

3. പരാമർശത്തിലെ (1),(4) എന്നീ സർക്കാർ ഉത്തരവുകൾ ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി

പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സഹകരണ സം ഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി)വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് –ക്ഷേമ നിധി ബോർഡുകളിൽ അദാലത്ത് നടത്തുന്നതിനുള്ള അനുമതി നൽകിയും അദാലത്ത് നടത്തുന്നതിനുള്ള നടപടി ക്രമങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ് എഫ് സി -ബി) വകുപ്പ്

സ ഉ (സാധ) നം 6581/2017/ധന തിരുവനന്തപുരം തിയതി 22.08.2017

പരാമർശം :-
1. 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 61 ഉം 62 ഉം
2. സ ഉ (എം എസ്)282/2016/ധന തിയതി 15/07/2016
3. സ ഉ (എം എസ്) 34/2017/ധന തിയതി 21/01/2017
4. സ ഉ (എം എസ്) 67/2017/ധന തിയതി 06/02/2017
5. സ ഉ (എം എസ്)204/2017/ധന തിയതി 23/03/2017
6. 15/07/2017 തിയതിയിലെ ക്ഷേമ നിധി ബോർഡുകളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ യോഗ മിനിറ്റ്സ്
7. സ ഉ (എംഎസ്) 359/2017/ധന തിയതി 04/08/2017
8. സ ഉ (സാധാ) 6268/2017/ധന തിയതി 07/08/2017

ഉത്തരവ്

2017 -18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 61 പ്രകാരം എല്ലാ സാമൂഹിക ക്ഷേമ പെൻഷനുകളും 1100/- രൂപയായി ഉയർത്തിയിരുന്നു. ഒരാൾക്ക് 1100/- രൂപയുടെ ഒരു പെൻഷനേ അർഹതയുണ്ടാകൂ എന്നും രണ്ട് പെൻഷനുകൾ വാങ്ങിക്കൊണ്ടിരുന്നവർക്ക് രണ്ടാമത്തെ പെൻഷൻ പെൻഷൻ ഉയർത്തുന്നതിന് മുമ്പുള്ള തുകയായ 600 രൂപ നിരക്കിൽ ലഭിക്കുന്നതാണെന്നും ഭിന്നശേഷിക്കാർക്കും ഇ പി എഫ് പെൻഷൻകാർക്കും സ്വയം പര്യാപ്തമായ ക്ഷേമ നിധി ബോർഡുകളിൽ അംഗമായവർക്കും മാത്രമേ ഭാവിയിൽ രണ്ടാമത്തെ പെൻഷൻ ലഭിക്കുകയുള്ളൂ എന്നും വ്യക്തമാക്കി സൂചന (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന ക്ഷേമ നിധി ബോർഡുകളിൽ നിന്നും പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾ സാമൂഹിക സുരക്ഷാ പെൻഷനോ മറ്റ് ബോർഡുകളിൽ നിന്ന് ക്ഷേമ നിധി പെൻഷനോ അനർഹമായി വാങ്ങുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിലേക്ക് ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങൾ ശേഖരിച്ച് വെബ്ബ് അധിഷ്ഠിതമായി പരിശോധന നടന്ന് വരുന്നു. എന്നാൽ ആധാർ എടുക്കാൻ കഴിയാത്തതിനാൽ പെൻഷൻ ലഭിക്കുന്നില്ല എന്ന് ധാരളം പരാതികൾ ലഭിക്കുന്നതായും ബോർഡുകളിലെ ആധാർ എടുക്കാൻ കഴിയാത്തവർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ

(vi) അദാലത്ത് തീയതിക്ക് 5 ദിവസംമുമ്പ് പരാതികൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയായി നിശ്ചയിക്കണം.

(vii) പരാതികൾ അത് പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം വേണം നല്കാൻ

viii) ആധാർ എടുക്കാൻ കഴിയാത്തതിനാൽ ആധാർ സമർപ്പിക്കുന്നതിൽ നിന്ന് ഇളവ് ആവശ്യപ്പെടുന്ന വ്യക്തി സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നയാളാണെങ്കിൽ ഇത്തരത്തിലുള്ള ഇളവ് പ്രാദേശിക സർക്കാരിലെ സെക്രട്ടറിയും നൽകിയിട്ടുണ്ടാകും. പ്രസ്തുത രേഖയും കൂടി പരിശോധിച്ച് മാത്രം ആധാർ സമർപ്പിക്കുന്നതിൽ നിന്ന് ഇളവ് നൽകുന്ന കാര്യത്തിൽ സി ഇ ഒ തീരുമാനം എടുക്കേണ്ടതാണ്.

ix) ക്ഷേമ നിധി ബോർഡ് പെൻഷൻ ഗുണഭോക്താവ് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തിയല്ല എന്ന് അവകാശപ്പെടുന്ന പക്ഷം അത്തരത്തിൽ ഒരു സത്യവാങ്മൂലം പ്രസ്തുത വ്യക്തി സമർപ്പിക്കേണ്ടതും ബോർഡ് ജില്ലാ ഓഫീസർ , ഗുണഭോക്താവ് ഉൾപ്പെടുന്ന പ്രാദേശിക സർക്കാർ മുഖാന്തിരം അത് ഉറപ്പ് വരുത്തേണ്ടതുമാണ്. ജില്ലാ ഓഫീസർ ഇത്തരത്തിൽ ഒരു റിപ്പോർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകേണ്ടതുമാണ്.

(x) അദാലത്തിൽ പരാതികൾ കേൾക്കുന്നതിനും / പരിശോധിക്കുന്നതിനും പരിഹാര നിർദ്ദേശത്തിനുമായി 3 അംഗ അദാലത്ത് ടീമിനെ നിശ്ചയിക്കണം.

(xi) അദാലത്ത് ടീമിൽ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അദ്ധ്യക്ഷനായിരിക്കും, അദാലത്ത് നടക്കുന്ന ജില്ലയിലെ ബോർഡിന്റെ ജില്ലാ ഓഫീസർ , ബോർഡ് ഫിനാൻസ് ഓഫീസർ / അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ (ബോർഡ് ചെയർമാന്റെ തീരുമാന പ്രകാരം) എന്നിവർ അദാലത്ത് ടീമിലെ അംഗങ്ങളായിരിക്കും.

(xii) അദാലത്ത് ടീമിന്റെ തീരുമാനം നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും പൂർണമായും വിധേയമായിരിക്കണം.

(xiii) എഴുതി നൽകിയിട്ടുള്ള പരാതികൾ അദാലത്തിൽ ഉന്നയിക്കുന്നതിന് പരാതിക്കാർക്ക് അവസരം നൽകണം. ഇതിൽ അദാലത്ത് ടീമിന്റെ തീരുമാനം പരസ്യമായി അറിയിക്കേണ്ടതും പരാതിയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(xiv) അദാലത്ത് ടീമിന്റെ തീരുമാന പ്രകാരമുള്ള മാറ്റങ്ങൾ ബോർഡിന്റെ ഡേറ്റ ബേസിൽ 7 ദിവസത്തിനകം വരുത്തേണ്ടതാണ്.

(xv) 2017 സെപ്റ്റംബർ 15 നകം ഈ പദ്ധതി പൂർത്തിയാക്കണം.

(xvi) അദാലത്തിൽ താഴെ പറയും പ്രകാരം സമയ ക്രമം പാലിക്കേണ്ടതാണ്.

മാതൃകയിൽ അദാലത്ത് നടത്താനും ആധാറിന് പകരം സി ഇ ഒ ക്ക് ബോധ്യപ്പെടുന്ന പക്ഷം മറ്റേതെങ്കിലും തിരിച്ചറിയൽ രേഖ (ഇലക്ഷൻ ഐഡന്റിറ്റി കാർഡ്/റേഷൻ കാർഡ്) ഹാജരാക്കിയാൽ മതി എന്ന രീതിയിലും ഉത്തരവ് നൽകണമെന്നും 15/07/2017 തിയതി കൂടിയ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ യോഗത്തിൽ അഭിപ്രായം ഉയർന്ന് വന്നിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ ലഭിക്കാത്തവരുടെ പരാതികൾ പരിഹരിക്കുന്നതിലേക്ക് ക്ഷേമനിധി ബോർഡ് തലത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ മാതൃകയിൽ അദാലത്ത് നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. ക്ഷേമനിധി ഗുണഭോക്താക്കളിൽ ആധാർ എടുക്കാൻ കഴിയാത്തവർക്ക് ആധാറിന് പകരം ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോധ്യപ്പെടുന്ന പക്ഷം മറ്റേതെങ്കിലും തിരിച്ചറിയൽ രേഖ (ഇലക്ഷൻ ഐഡന്റിറ്റി കാർഡ്/റേഷൻ കാർഡ്) ഹാജരാക്കിയാൽ മതി എന്ന തരത്തിൽ ഇളവ് നൽകുന്നതിനുള്ള അപേക്ഷകൾ അദാലത്തിൽ വച്ച് തീർപ്പാക്കേണ്ടതാണ്.

4. 85 വയസ്സ് കഴിഞ്ഞവർ. സ്ഥിരമായി രോഗശയ്യയിൽ കിടക്കുന്നവർ, എൺപത് ശതമാനത്തിലധികം ശാരീരിക - മാനസിക വൈകല്യം ഉള്ളവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് ആധാർ കാർഡ് എടുത്തിട്ടില്ല എന്ന് പ്രാദേശിക സർക്കാർ സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രത്തിന്റെ പിൻബലത്തിൽ (സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് നൽകുന്നതുപോലെ) ആധാർ കാർഡിന് പകരം ഫോട്ടോ പതിപ്പിച്ച ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെയോ റേഷൻ കാർഡിന്റെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പിന്റെ അടിസ്ഥാനത്തിൽ (അസ്സൽ ഹാജരാക്കുകയും വേണം) പെൻഷൻ വിതരണം ചെയ്യാവുന്നതാണ്.

5. അദാലത്ത് നടത്തുന്നത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നടപടി ക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവാകുന്നു.

(i) ക്ഷേമനിധി ബോർഡുകളിൽ അംഗമായിട്ടുള്ള പെൻഷൻ അനുവദിക്കപ്പെട്ടവർ എന്നാൽ അധാർ സമർപ്പിച്ചിട്ടില്ലാത്തതിനാലോ / മറ്റ് കാരണങ്ങളാലോ പെൻഷൻ ലഭിക്കാത്തവർക്ക് മാത്രമേ ഈ അദാലത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

(ii) പരാതി സംഗതി അദാലത്ത് തിയതിക്ക് 5 ദിവസം മുമ്പെങ്കിലും ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖേന സി ഇ ഒ ക്ക് സമർപ്പിക്കേണ്ടതാണ്.

(iii) അദാലത്തിനു നൽകുന്ന പരാതിയിൽ, പരാതിക്കാരന്റെ പേര്, പെൻഷൻ ഐ.ഡി., പെൻഷൻ ഇനം ആധാർ നമ്പർ/അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് , പരാതിയുടെ ചുരുക്കം , പരാതിക്കാരൻ താമസിക്കുന്ന പ്രാദേശിക സർക്കാർ , വാർഡ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

(iv) അദാലത്തിന് നിശ്ചയിച്ച തീയതിയും സ്ഥലവും മുൻകൂട്ടി ബോർഡുകൾ തീരുമാനിക്കേണ്ടതും ആയത് പരസ്യപ്പെടുത്തേണ്ടതുമാണ്.

(v) അദാലത്തിന് നിശ്ചയിച്ചിട്ടുള്ള സ്ഥലം, തീയതി, സമയം എന്നിവ എല്ലാ പെൻഷൻകാരെയും അറിയിക്കേണ്ടതാണ്.

a. അദാലത്തിനുള്ള സമയം, സ്ഥലം തിയതി എന്നിവ ബോർഡുകൾ 31/08/2017 നു മുൻപ് പ്രസിദ്ധീകരിക്കണം.

b. അദാലത്ത് നടത്തേണ്ടുന്ന കാലയളവ് 31/08/2017 മുതൽ 15/09/2017 വരെ (ഈ കാലഘട്ടത്തിൽ ബോർഡുകൾക്ക് ഉചിതമായ തിയതി നിശ്ചയിക്കാവുന്നതാണ്) ആയിരിക്കും.

(xvii) അദാലത്തിന്റെ ചെലവ് തനതു ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(xviii) അദാലത്തിൽ എത്ര പരാതികൾ ലഭിച്ചു, എത്ര പേർക്ക് ആധാർ എടുക്കൻ കഴിയില്ല എന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോധ്യപ്പെട്ടതിനാൽ മറ്റ് തിരിച്ചറിയൽ രേഖകൾ ഹാജരാക്കാൻ അനുമതി നൽകി , എന്നിവ ഉൾപ്പെടെ സമഗ്രമായ ഒരു റിപ്പോർട്ട് എല്ലാ ക്ഷേമനിധി ബോർഡുകളും അദാലത്തിന് ശേഷം 10 ദിവസത്തിനകം ധനകാര്യ (എസ് എഫ് സി-ബി) വകുപ്പിൽ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ (എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ (എല്ലാ നഗര സഭകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
തൊഴിലും നൈപുണ്യവും വകുപ്പ്, വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, നികുതി വകുപ്പ്, മത്സ്യബന്ധന വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം – പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവ വഴിയുള്ള വിതരണം - നടപടി ക്രമങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ് എഫ് സി -ബി) വകുപ്പ്

സ ഉ (എം എസ്)നം.408/2017/ധന തിരുവനന്തപുരം തിയതി 30.08.2017

പരാമർശം :- 1. സ ഉ (എം എസ്)503/2016/ധന തിയതി 21/12/2016
2. സ ഉ (എം എസ്)515/2016/ധന തിയതി 27/12/2016
3. സ ഉ (എം എസ്)നം.381/2017/ധന തിയതി 17/08/2017
4. 22/08/2017 തിയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ ഡി ബി റ്റി 27018/17 നമ്പർ കത്ത്

ഉത്തരവ്

പ്രാഥമിക കാർഷിക /മറ്റ് വായ്പാ സംഘങ്ങൾ വഴിയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന്റെ നടപടിക്രമങ്ങൾ ഭേദഗതി ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിലെ ഖണ്ഡിക 2(ii) പുന:പരിശോധിക്കണമെന്നും വിതരണം ചെയ്യപ്പെടാത്ത തുക പ്രാഥമിക കാർഷിക /മറ്റ് വായ്പാ സംഘങ്ങളിൽ നിന്ന് നേരിട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി ബി ടി സെല്ലിൽ എത്തുന്ന രീതി തന്നെ തുടരാൻ അനുവദിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. നിശ്ചിത സമയ പരിധിക്കുള്ളിൽ വിതരണം ചെയ്യപ്പെടാത്ത പെൻഷൻ തുക, പ്രാഥമിക കാർഷിക /മറ്റ് വായ്പാ സംഘങ്ങൾ ജോയിന്റ് രജിസ്ട്രാർമാരുടെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിനു പകരം നേരിട്ട് പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് നമ്പർ 799012100000001 ലേക്ക് തിരിച്ചടക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

3. നിശ്ചിത സമയ പരിധിക്കുള്ളിൽ വിതരണം ചെയ്യപ്പെടാത്ത തുക, പ്രാഥമിക കാർഷിക /മറ്റ് വായ്പാ സംഘങ്ങൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ തിരിച്ചടയ്ക്കണമെന്ന പരമാർശം (3) ലെ ഉത്തരവ് പാലിക്കപ്പെടുന്നു എന്ന് ഡി.ബി.ടി സെൽ ഉറപ്പുവരുത്തേണ്ടതാണ്.

4 . പരാമർശം (3)ലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ . ബി
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്എസ്എ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സഹകരണ സം ഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി)വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

ധനകാര്യ (എസ്.എഫ്.സി സെൽ ബി)വകുപ്പ്.

എസ്.എഫ്.സി ബി1/ 71/2017 /ധന തിരുവനന്തപുരം, തീയതി 22/09/2017

സർക്കുലർ

വിഷയം:-സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ പെൻഷൻ വിതരണം നിർത്തുന്നതു സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുകയാണെങ്കിൽ അവരുടെ പേരിലുള്ള പെൻഷൻ വിതരണം നിർത്തുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടുചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നിർത്തപ്പെടേണ്ടതാണ്.

(2) സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചിടത്തല്ലാതെയുള്ള പ്രാദേശിക സർക്കാരിൽ റിപ്പോർട്ടുചെയ്യപ്പെടുകയുമാണെങ്കിൽ ടിയാളുടെ മരണം സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ ടിയാന്റെപേരിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നിർത്തപ്പെടേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ശർമിള മേരി ജോസഫ്
സെക്രട്ടറി, ധനകാര്യ (വ്യയം) വകുപ്പ്

പകർപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
നോഡൽ ഓഫീസർ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – സാമൂഹ്യ സുരക്ഷ പെൻഷൻ – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

ധനകാര്യ (എസ് എഫ് സി -ബി) വകുപ്പ്

സ ഉ (എം എസ്)നം.483 /2017/ധന തിരുവനന്തപുരം തിയതി 06.11.2017

പരാമർശം :- 1. 15/07/2016 തിയതിയിലെ സ ഉ (എം എസ്) 282/2016/ധന ഉത്തരവ്
2.15/08/2016 തിയതിയിലെ സ ഉ (എം എസ്) 324/2016/ധന ഉത്തരവ്
3 .08/11/2016 തിയതിയിലെ സ ഉ (എം എസ്) 437/2016/ധന ഉത്തരവ്
4. 21/01/2017 തിയതിയിലെ സ ഉ (എം എസ്) 34/2017/ധന ഉത്തരവ്
5 . 06/02/2017 തിയതിയിലെ സ ഉ (എം എസ്) 67/2017/ധന ഉത്തരവ്
6 . 23/03/2017 തിയതിയിലെ സ ഉ (എം എസ്) 204/2017/ധന ഉത്തരവ്
7 . 01/08/2017 തിയതിയിലെ സ ഉ (സാധാ) 6060/2017/ധന ഉത്തരവ്

ഉത്തരവ്

സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ഒരാൾക്ക് ഒരു പെൻഷൻ എന്ന് നിജപ്പെടുത്തുകയും ചെയ്തു. തുടർന്ന് പരാമർശം (6) പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ തുക 1000 ൽ നിന്ന് 1100 ആയി വർദ്ധിപ്പിച്ച് കൊണ്ടും ഉത്തരവായിരുന്നു. സംസ്ഥാനത്ത് സാവർത്രിക സാമൂഹ്യ സുരക്ഷാ പെൻഷൻ നടപ്പലാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനും അതോടൊപ്പം ക്ഷേമനിധി ബോർഡ് പെൻഷനും ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ പരാമർശം (1) മുതൽ(5) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

2. കേരളത്തിൽ നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 42.5 ലക്ഷത്തോളം പേരും ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്ന 10 ലക്ഷത്തോളം പേരുമുണ്ട്.2011 ലെ സെൻസസ് കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 60 വയസ്സിൽ കൂടുതലുള്ള 42.28 ലക്ഷം പേരാണ് ഉള്ളത്. ഇതിൽ തന്നെ സർവ്വീസ് പെൻഷൻ ലഭിക്കുന്നവരുടേയും ഒരു ലക്ഷത്തിലധികം രൂപ വാർഷിക വരുമാനമുള്ളവരുടേയും എണ്ണം കുറയുകയും ചെയ്യുമ്പോൾ ഇപ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റുന്നവരുടെ എണ്ണം വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഗണ്യമായി ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ അർഹരായ വ്യക്തികൾക്ക് മാത്രമേ പെൻഷൻ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. സാമൂഹ്യ സുരക്ഷാ പെൻഷന്റെ അർഹത മാനദണ്ഡങ്ങൾ സർക്കാർ

പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് പരിശോധിക്കുന്നത് പ്രാദേശിക സർക്കാർ തലത്തിലാണ്. ഇത്തരത്തിൽ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിശോധന നടത്തി അർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യമാണ്. ഇത് കൃത്യമായി ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംയോജിപ്പിച്ചു കൊണ്ടും പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

i) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.
ii) അപേക്ഷകൻ സർവ്വീസ് പെൻഷണർ ആകരുത്.
iii) അപേക്ഷകൻ ആദായനികുതി നൽകുന്ന ആളാകരുത്.
iv) അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല)
v) ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
vi) തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധിബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ സാധാരണനിരക്കിൽ ലഭിക്കുന്നതാണ്.
vii) തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്നതൊഴികെയുള്ള ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങുകയാണെങ്കിൽ ക്ഷേമനിധിപെൻഷൻ അതത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാപെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. 06/02/2017 നുമുൻപ് രണ്ട് പെൻഷനും വാങ്ങിവരുന്നവർക്കാണ് രണ്ടു പെൻഷനും ലഭിക്കാൻ അർഹതയുള്ളത്. 06/02/2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
viii) ഇ.പി.എഫ് പെൻഷനർമാർക്ക് ഇ.പി.എഫ് പെൻഷനു പുറമെ സാധാരണനിരക്കിൽ ഒരു സാമൂഹ്യസുരക്ഷാ പെൻഷനോ അല്ലെങ്കിൽ ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ അർഹതയുണ്ടായിരിക്കും.
ix) 75 വയസ്സ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല പെൻഷൻ ഉയർന്ന നിരക്കിൽ തുടർന്നും ലഭിക്കുന്നതാണ്.
x) വ്യത്യസ്ത പ്രാദേശിക സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങാൻ പാടില്ല. അതായത്, ഏതെങ്കിലും ഒരു പ്രാദേശിക സർക്കാരിൽ നിന്നും മാത്രമേ സാമൂഹ്യ സുരക്ഷാപെൻഷൻ വാങ്ങാവൂ.
xi) എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും/അപേക്ഷകരും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്. ഈ സത്യപ്രസ്താവനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്: (1) താൻ സർവ്വീസ് പെൻഷനർ അല്ല. (2) താൻ ആദായനികുതി നൽകുന്നില്ല (3) തന്റെയോ തന്റെ കുടുംബത്തിന്റെയോ പേരിൽ 2 ഏക്കറിൽ കൂടുതൽ ഭൂമിയില്ല (ഈ നിബന്ധന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമല്ല)
xii) പെൻഷൻ ഗുണഭോക്താക്കൾ/പുതിയ അപേക്ഷകർ ആധാർ നമ്പർ പ്രാദേശിക സർക്കാരിൽ ലഭ്യമാക്കണം. ആധാർ നമ്പർ ഇതുവരെ ലഭിച്ചിട്ടില്ലാത്തവരുടെ കാര്യത്തിൽ ഇക്കാര്യം

പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യമാകുന്ന പക്ഷം തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ , റേഷൻ കാർഡോ സ്വീകരിച്ച് കൊണ്ട് പെൻഷൻ നൽകാവുന്നതാണ്. ആധാർ നമ്പർ ലഭിക്കുന്നതുവരെ മാത്രമേ ഇത്തരത്തിലുള്ള ഇളവ് അനുവദിക്കുകയുള്ളൂ.

xiii) 85 വയസ്സ് കഴിഞ്ഞവർ, 80% ത്തിൽ അധികം ശാരീരിക മാനസിക വൈകല്യമുള്ളവർ, സ്ഥിരമായി രോഗശയ്യയിൽ കിടക്കുന്നവർ എന്നിവരുടെ കാര്യത്തിൽ ഇക്കാര്യം പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യപ്പെടുന്നപക്ഷം ആധാർ നമ്പർ ഇല്ലാതെ തന്നെ പെൻഷൻ നൽകാവുന്നതാണ്.

xiv) വിധവാ പെൻഷൻ ലഭിക്കുന്നവർ എല്ലാ വർഷവും ഡിസംബർ മാസം താൻ പുനർവിവാഹം ചെയ്തിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

xv) ബാങ്ക് വഴി പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംഗ് (mustering) നടത്തേണ്ടതാണ്.

xvi) ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയ ശേഷം മാത്രമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂ.

xvii) വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളും പരിശോധിച്ച് അപേക്ഷകൻ യഥാർത്ഥത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹനാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യമായാൽ മാത്രമേ മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.

xviii) DBT Cell സാധുത (validation) നൽകുന്ന തിയതി മുതൽ മാത്രമേ ആദ്യ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടാകൂ.

xix) അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കും. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതാണ്.

xx) ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളിൽ നിന്ന് പ്രസ്തുത തുക നിയമാനുസരണം സമയബന്ധിതമായി തന്നെ ഈടാക്കുന്നതും, ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിൽ നിന്നും യാതൊരു വിധ ആനുകൂല്യങ്ങൾക്കും (സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ) അർഹത ഉണ്ടായിരിക്കുന്നതുമല്ല.

3) പരാമർശം (1),(2),(3),(4),(5) എന്നീ സർക്കാർ ഉത്തരവുകൾ ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മനോജ് ജോഷി ഐ എ എസ്

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സഹകരണ സം ഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി)വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ - ഡേറ്റാ എൻട്രി നടത്തുന്നതിലേക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ വെബ്ബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. .

ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്

സ.ഉ.(സാധാ) നം. 8722/2017/ധന. തീയതി 20/11/2017 . തിരുവനന്തപുരം,

ഉത്തരവ്

ഓണത്തോടനുബന്ധിച്ചുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സുഗമമായി നടത്തുന്നതിന്റെ ഭാഗമായി സേവനസോഫ്റ്റ് വെയറിലെ ഡേറ്റാ എൻട്രി താൽക്കാലികമായി നിർത്തിവച്ചിരുന്നു. ഡേറ്റാ ബേസിൽ ഉൾപ്പെടുകയും എന്നാൽ സാക്ഷ്യ പത്രത്തിലെ പിശക്, ബാങ്ക് അക്കൗണ്ടിലെ പിശക്, പ്രാദേശിക സർക്കാരിലെ സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്യാത്തത്, മേൽ വിലാസത്തിലെ വ്യത്യാസം, വരുമാനത്തിലെ വ്യത്യാസം തുടങ്ങിയവ നിമിത്തം പെൻഷൻ ലഭിക്കാത്തവർക്ക് ഡേറ്റാബേസിൽ തിരുത്തലുകൾ വരുത്തുന്നതിന് അവസരം നൽകണമെന്ന് വിവിധ കോണുകളിൽ നിന്നും ആവശ്യമുയരുകയുണ്ടായി.

2. സാമൂഹ്യ സുരക്ഷാ പെൻഷൻ വെബ്ബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ് വെയർ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ് വെയർ പ്രാവർത്തികമാക്കുന്നതിലേക്ക് നിലവിൽ അതാത് പ്രാദേശിക സർക്കാരുകളുടെ സേവന സോഫ്റ്റ് വെയറിൽ നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഐ.കെ എമ്മിലേക്ക് സമന്വയിപ്പിക്കേണ്ടതും തുടർന്ന് പുതിയ സംവിധാനമായ വെബ്ബ് അധിഷ്ഠിത സേവന സോഫ്റ്റ് വെയറിലേക്ക് നിലവിലെ ഡേറ്റാ ഉൾക്കൊള്ളിക്കേണ്ടതായിട്ടുമുണ്ട്.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു :

(i) പ്രാദേശിക സർക്കാരുകളുടെ ഡാറ്റാബേസിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ സത്യപ്രസ്താവന നൽകാത്തത് , മേൽവിലാസത്തിലെ മാറ്റം, വരുമാനത്തിലെ മാറ്റം, ബാങ്ക് അക്കൗണ്ടിലെ വ്യത്യാസം, ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്താത്തത് തുടങ്ങിയവ കാരണം പെൻഷൻ ലഭിക്കാത്ത എല്ലാ ഗുണഭോക്താക്കളുടെ വിവരങ്ങളിലും നിലവിലെ

സേവന സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തി പ്രാദേശിക സർക്കാരിലെ സെക്രട്ടറി അംഗീകരിക്കേണ്ടതാണ്. 2016 സെപ്റ്റംബർ മാസം വരെ പെൻഷൻ ലഭിക്കുകയും എന്നാൽ അതിനു ശേഷം സത്യപ്രസ്താവന നൽകാത്തത് , മേൽവിലാസത്തിലെ മാറ്റം, വരുമാനത്തിലെമാറ്റം, ബാങ്ക് അക്കൗണ്ടിലെ വ്യത്യാസം, ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്താത്തത് തുടങ്ങിയ കാരണങ്ങൾ മൂലം പെൻഷൻ ലഭിക്കാത്തവർക്കും പെൻഷൻ ഐ.ഡി ലഭിച്ചതിനു ശേഷവും പെൻഷൻ ലഭിക്കാത്തവരെയും ആണ് ഇപ്പോൾ ഉൾക്കൊള്ളിക്കേണ്ടത്.

(ii) പെൻഷൻ തടയൽ/പുന:സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച അപേക്ഷകൾ അംഗീകരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ അത്തരത്തിലുള്ള എല്ലാ അപേക്ഷകളും പ്രാദേശിക സർക്കാരിലെ സെക്രട്ടറി അംഗീകരിക്കേണ്ടതാണ്.

(iii) അതിനു ശേഷം ഡിജിറ്റൽ ഒപ്പ് വയ്ക്കാൻ ബാക്കിയുള്ള എല്ലാ രേഖകളും ഡിജിറ്റൽ ഒപ്പ് വയ്ക്കേണ്ടതാണ്.

(iv) തുടർന്ന് സേവന സോഫ്റ്റ് വെയറിലേക്ക് ഡാറ്റാ മാറ്റുക. പെൻഡിംഗ് ആയി ഒരു രേഖപോലും മാറ്റാൻ ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്

(v) പിന്നീടു യാതൊരു മാറ്റങ്ങളും ആപ്ലിക്കേഷനിൽ വരുത്തുവാൻ പാടുള്ളതല്ല

(vi) തുടർന്ന് ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റ് ഡാറ്റാബേസിന്റെ പൂർണമായ ബാക്ക് അപ്പ് എടുക്കുകയും കംപ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള സേവന പെൻഷൻ ആപ്ലിക്കേഷനുമായി ബന്ധപെട്ട എല്ലാ മൊഡ്യൂളുകളും പിൻവലിച്ച് ഡി.ടി.ഒ ക്ക് കൈമാറേണ്ടതും ഡി.ടി.ഒ മാർ ജില്ലാ തലത്തിൽ ഡാറ്റാബേസ് ബാക്ക് അപ്പ് ക്രോഡീകരിച്ച് ഐ.കെ.എം ലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(vii) തുടർന്ന് ഐ.കെ.എം നിലവിലെ ഡേറ്റകൾ പുതിയ വെബ് അധിഷ്ഠിത സംവിധാനത്തിലേക്ക് സമന്വയിപ്പിച്ചതിന് ശേഷം തുടർന്നുള്ള എല്ലാ മാറ്റങ്ങളും https://welfarepension.lsgkerala.gov.in എന്ന വെബ് ആപ്ലിക്കേഷനിൽ ഔദ്യോഗിക ലോഗ് ഇൻ വഴി നടത്താൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയുകയും ചെയ്യും.

(viii) അതിനു ശേഷം സത്യപ്രസ്താവന സമർപ്പിച്ചവരുടെ വിവരങ്ങൾ ചേർക്കാൻ അവശേഷിക്കുന്നുവെങ്കിൽ പ്രാദേശിക സർക്കാരിന് അത് പുതിയ വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ അനുവദനീയ സമയ പരിധിക്കുള്ളിൽ നടത്തേണ്ടതാണ്.

(ix) സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് ഇനി മുതൽ ലഭിക്കുന്ന അപേക്ഷകൾ https://welfarepension.lsgkerala.gov.in എന്ന വെബ് ആപ്ലിക്കേഷൻ മുഖേന നടത്തേണ്ടതാണ്.

4. ഖണ്ഡിക 3 ൽ ഉത്തരവായിട്ടുള്ള നടപടി ക്രമങ്ങൾക്ക് താഴെപറയും പ്രകാരമുള്ള സമയക്രമം പാലിക്കേണ്ടതാണ്:

(i) പ്രാദേശിക സർക്കാരുകളുടെ സേവന സോഫ്റ്റ് വെയറിൽ നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഐ.കെ.എമ്മിലേക്ക് സമന്വയിപ്പിക്കേണ്ടത് - 2017 നവംബർ 8 മുതൽ 18 വരെ (ഇക്കാര്യം നേരത്തെ നിർദ്ദേശിച്ചിട്ടുള്ളതാണ്).

(ii) പ്രാദേശിക സർക്കാരുകളിൽ നിന്ന് ലഭിച്ച ഡേറ്റ ഐ.കെ.എം വെബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റേണ്ടത് - 2017 നവംബർ 19 മുതൽ 21 വരെ.

(iii) സത്യ പ്രസ്താവന അപ് ലോഡ് ചെയ്യുക , ഖണ്ഡിക 1 പ്രകാരമുള്ള തിരുത്തലുകൾ നടത്തുക എന്നിവ ചെയ്യേണ്ടത്- 2017 നവംബർ 8 മുതൽ 18 വരെ (ഇക്കാര്യം നേരത്തെ നിർദ്ദേശിച്ചിട്ടുള്ളതാണ്).

(iv) 2017 ഡിസംബർ മാസം വിതരണം ചെയ്യേണ്ട പെൻഷൻ ശുപാർശ ഡി.ബി.ടി സെൽ സർക്കാരിന് സമർപ്പിക്കേണ്ടത് - 2017 നവംബർ 26.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉത്തരവിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉത്തരവിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ധനകാര്യ (എസ് എഫ് സി -ബി) വകുപ്പ്

എസ് എഫ് സി-ബി2/ 56/2017/ധന തിരുവനന്തപുരം , തിയതി 29/11/2017

സർക്കുലർ

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ - ഡേറ്റാ എൻട്രി നടത്തുന്നതിലേക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ വെബ്ബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ- ഡേറ്റാ ബേസിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഡേറ്റാ ബേസിൽ ഉൾപ്പെടുകയും എന്നാൽ സാക്ഷ്യ പത്രത്തിലെ പിശക് ,ബാങ്ക് അക്കൗണ്ടിലെ പിശക് , പ്രാദേശിക സർക്കാരിലെ സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്യാത്തത് തുടങ്ങിയവ നിമിത്തം പെൻഷൻ ലഭിക്കാത്തവർക്ക് ആവശ്യമായ തിരുത്തലുകൾ ഡേറ്റാ ബേസിൽ വരുത്തുന്നതിന് നവംബർ 30 വരെ സമയം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയില്ലാത്തവരുടെ പെൻഷൻ പ്രാദേശിക സർക്കാർ തലത്തിൽ റദ്ദാക്കപ്പെടാതെ അവശേഷിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത്തരത്തിൽ ഭാവിയിൽ സംഭവിക്കാതിരിക്കുന്നതിലേക്കായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

i) ആദായ നികുതി നൽകുന്നവർ, നാളിതുവരെ തിരിച്ചറിയൽ രേഖ നൽകി പെൻഷൻ പുനരുജ്ജീവിപ്പിക്കാത്തവർ , സർവ്വീസ് പെൻഷണർമാർ , രണ്ടേക്കറിൽ കൂടുതൽ ഭൂമിയുള്ളവർ(പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർ ഒഴികെയുള്ളവർക്ക്) തുടങ്ങി പെൻഷൻ ലഭിക്കാൻ അർഹരല്ലാത്ത എല്ലാ പേരുടേയും പെൻഷൻ സസ്പെൻഡ് ചെയ്ത് ഡേറ്റാ ബേസിൽ മാറ്റം വരുത്താൻ അവശേഷിക്കുന്ന എല്ലാ വിവരങ്ങളും തിരുത്തൽ വരുത്തി സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

ii) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെടുകയാണെങ്കിൽ ടിയാളെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും സസ്പെൻഡ് ചെയ്യാൻ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2) ഇതിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുന്നതായിരിക്കും.

പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ധനകാര്യ (എസ് എഫ് സി -ബി) വകുപ്പ്

എസ് എഫ് സി-ബി2/ 53/2017/ധന തിരുവനന്തപുരം തിയതി 22/01/2018

സർക്കുലർ

വിഷയം: മരണപ്പെട്ടവരേയും പുനർ വിവാഹം ചെയ്തവരേയും ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ / പെൻഷൻ ലഭിച്ചിട്ടില്ലാത്ത ഗുണഭോക്താവിന്റെ വീട് എന്നിവിടങ്ങൾ ധനകാര്യ ജില്ലാ സ്ക്വാഡുകൾ സന്ദർശിച്ച് പെൻഷൻ വിതരണം സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ അനുവദിക്കപ്പെടുന്നുവെന്നും പുനർവിവാഹം ചെയ്തവർക്കും വിധവാ പെൻഷൻ തുടർന്നും അനുവദിക്കപ്പെടുന്നു എന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ അനർഹമായി പെൻഷൻ അനുവദിക്കപ്പെടുന്നത് സർക്കാരിന് സമ്പത്തിക ബാധ്യത ഉയർത്തുന്ന സാഹചര്യം ഉളവാകുന്നു. ആയത് ക്രമപ്പെടുത്തുന്നതിലേക്ക് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1) പെൻഷനുമായി വീട്ടിൽ എത്തുന്ന സഹകരണ സംഘം ഏജന്റിന് , ഗുണഭോക്താവ് മരണപ്പെട്ടു/പുനർ വിവാഹം ചെയ്തു എന്ന് വ്യക്തമായാൽ ആ വിവരം സഹകരണ സംഘം സെക്രട്ടറിയെ അറിയിക്കേണ്ടതും സെക്രട്ടറി ആ വിവരം സേവന സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ് . പ്രസ്തുത വിവരം ഒരു മെസ്സേജ് രൂപത്തിൽ അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ലഭിക്കുകയും പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ പെൻഷൻ ഉടനടി സസ്പെൻഡ് ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഗുണഭോക്താവിനെ സസ്പെന്റ് ചെയ്യേണ്ടത് പ്രാദേശിക സർക്കാർ സെക്രട്ടറിയുടേയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും ചുമതലായാണ്. ഇതിൽ വീഴ്ച്ചവരുത്തുന്നത് സർക്കാർ ഗൗരവപൂർവ്വം നിരീക്ഷിക്കുന്നതായിരിക്കും.

2) പ്രാദേശിക സർക്കാരിൽ നിന്ന് മരണ സർട്ടിഫിക്കറ്റ്/പുനർ വിവാഹ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന നടപടിക്രമങ്ങളും പെൻഷൻ ഡേറ്റാ ബേസും അധാർ നമ്പറും ബന്ധിപ്പിച്ച് മരണപ്പെട്ട/ പുനർ വിവാഹം ചെയ്ത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് .

3) മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം /പുനർ വിവാഹം നടന്നാൽ / സംഭവിച്ചാൽ /റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് /പുനർ വിവാഹം ചെയ്ത

വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്

4) മരണം /പുനർ വിവാഹം കൃത്യ സമയത്ത് റിപ്പോർട്ട് ചെയ്യാതെ പരേതന്റെ പെൻഷൻ അനന്തരാവകാശികളോ , വിധവാ പെൻഷൻ വാങ്ങിവന്നിരുന്നവരോ സർക്കാരിനെ കബളിപ്പിച്ച് തുടർന്നും പെൻഷൻ വാങ്ങുകയാണെങ്കിൽ അത് തിരിച്ച് പിടിയ്ക്കാൻ പ്രാദേശിക സർക്കാരുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

5) പെൻഷൻ വിതരണം വെബ്ബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറിയ സാഹചര്യത്തിൽ ഒരു ഗുണഭോക്താവ് മറ്റൊരു പ്രാദേശിക സർക്കാരിന്റെ പരിധിയിലേക്ക് താമസം മാറിയാൽ അദ്ദേഹത്തിന്റേയോ പ്രസ്തുത സ്ഥലത്തെ ജനപ്രതിനിധിയുടേയോ അപേക്ഷ പ്രകാരമോ പ്രാദേശിക സർക്കാരിൽ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലോ അന്വേഷണം നടത്തി പെൻഷൻ ഡേറ്റ പുതിയ പ്രാദേശിക സർക്കാരിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ് .

6) മരണപ്പെട്ടവരേയും സ്ഥലം മാറിപ്പോയവരേയും ഒഴിവാക്കികൊണ്ട് സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പുതുക്കിയ ലിസ്റ്റ് പ്രാദേശിക സർക്കാരുകൾ അടിയന്തരമായി തയ്യാറാക്കേണ്ടതാണ്.

7) പുനർ വിവാഹം ചെയ്തതിന് ശേഷവും പെൻഷൻ തുക അനുവദിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇത്തരക്കാരുടെ വിവരങ്ങൾ ശേഖരിച്ച് അധികമായി കൈപറ്റിയ തുക തിരിച്ചടയ്ക്കാനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനുവദിച്ച തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് തിരിച്ചടയ്ക്കാൻ അനന്തരവാകശികൾക്കും പ്രാദേശിക സർക്കാരുകൾ നോട്ടീസ് നൽകേണ്ടതും തുക തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

8) ഗുണഭോക്താവ് മരണപ്പെടുകയും / പുനർ വിവാഹം ചെയ്യുകയും അക്കാര്യം പ്രാദേശിക സർക്കാർ ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുകയും ചെയ്യുമ്പോൾ തന്നെ പ്രസ്തുത വിവരം പ്രാദേശിക സർക്കാർ സെക്രട്ടറിയെ അറിയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിവരം ലഭിച്ചാൽ ഉടൻ തന്നെ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്

മനോജ് ജോഷി ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ബഡ്സ്/ബിആർസി സ്ഥാപനങ്ങളുടെ നിലവിലെ മാർഗ്ഗരേഖകൾക്കൊപ്പം പൊതുവായി ബാധകമാകുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം.എസ്) നം.20/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 07/02/2018

പരാമർശം:-1) 24.07.2017 ലെ സ.ഉ. (എം.എസ്) നം. 183/2017/തസ്വഭവ ഉത്തരവ്

2)29.07.2017 ലെ സ.ഉ.(എം.എസ്)148/09/തസ്വഭവ ഉത്തരവ്

3) 06.04.2013 ലെ സ.ഉ.(കൈ)നം.144/13/തസ്വഭവ ഉത്തരവ്

4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.06.2017 ലെ 4112/L/2012/KSHO നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തുകൾക്ക് ബഡ്സ് സ്പെഷ്യൽ സ്കൂൾ മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക സ്കൂൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് അനുമതി നല്കിക്കൊണ്ടും പരാമർശം (2) സർക്കാർ ഉത്തരവു പ്രകാരം ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ജില്ലാതല ഉപദേശകസമിതി രൂപീകരിച്ചുകൊണ്ടും പരാമർശം സർക്കാർ ഉത്തരവ് (3) പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിലെ മാർഗ്ഗേരേഖക്കൊപ്പം പൊതുവായി ബാധകമാവുന്ന ചില നിബന്ധനകൾ കൂടി ഉൾപ്പെടുത്തുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) കത്തു മുഖേന സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ടി നിബന്ധനകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപരാമർശം (2), (3) സർക്കാർ ഉത്തരവുകളിലെ മാർഗ്ഗരേഖകൾ നിലനിൽക്കുന്നതാണ്. അതോടൊപ്പം ബഡ്സ്/ബിആർസി സ്ഥാപനങ്ങൾക്ക് പൊതുവായി ബാധകമാവുന്ന താഴെപ്പറയുന്ന നിബന്ധനകൾ കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബഡ്സ് സ്കൂളും ബഡ്സ് പുനരധിവാസ കേന്ദ്രവും ആരംഭിക്കാവുന്നതാണ്. ഒരു കേന്ദ്രം ആരംഭിക്കുമ്പോൾ അവയിൽ അടിസ്ഥാന സൗകര്യങ്ങളായ ഓഡിയോളജി മുറി, ക്ലാസ്സ് മുറികൾ, ഫിസിയോതെറാപ്പി മുറി, ശുചി മുറികൾ, ഒക്കുപേഷണൽ തെറാപ്പി & കൗൺസിലിംഗ് മുറി, ഓഫീസ് മുറി, ഭക്ഷണ മുറി, വൊക്കേഷണൽ പരിശീലന മുറി, അടുക്കള, വിനോദ മുറി/സ്ഥലം എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കെട്ടിടത്തിൽ റാംപ്, റയിൽ സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. റാംപ് നിർമ്മിക്കുവാനായി അധിക സ്ഥലം ലഭ്യമല്ലാത്തയിടങ്ങളിൽ ലിഫ്റ്റ് സൗകര്യം ഒരുക്കുന്നതിനുള്ള പ്രത്യേക അനുമതി വാങ്ങി നിർമ്മിക്കാവുന്നതാണ്.
2. നിലവിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ്/ബിആർസി എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി 2 വർഷത്തേയ്ക്ക് താല്ക്കാലികമായി അംഗീകാരം നൽകുന്നതാണ്. ബഡ്സ് സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പും, ബിആർസികൾക്ക് സാമൂഹ്യനീതി വകുപ്പുമാണ് അംഗീകാരം നല്കേണ്ടത്.
3. രണ്ടുവർഷത്തിനുശേഷവും മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ലായെന്ന് ബോധ്യമാകുന്ന പക്ഷം വകുപ്പുകൾക്ക് അംഗീകാരം റദ്ദാക്കാവുന്നതാണ്. രണ്ട് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിര അംഗീകാരത്തിനായി അപേക്ഷ ബന്ധപ്പെട്ട വകുപ്പിന് നല്കേണ്ടതാണ്. അല്ലാത്തപക്ഷം താല്ക്കാലിക അംഗീകാരം സ്വയം റദ്ദാകുന്നതായിരിക്കും.

4. ബഡ്സ് സ്കൂൾ/ബിആർസികളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം 1 : 8 എന്ന നിലയിൽ ക്രമീകരിക്കേണ്ടതാണ്. ആയ-വിദ്യാർത്ഥി അനുപാതം 1 : 15 എന്ന നിലയിലും ക്രമീകരിക്കേണ്ടതാണ്. ഒരു സ്ഥാപനം ആരംഭിക്കുന്നതിന് കുറഞ്ഞത് 2 അധ്യാപകർ (നിർദ്ദിഷ്ട യോഗ്യതയുള്ളവർ) നിർബന്ധമായും ഉണ്ടായിരിക്കണം.
5. വളരെ തീവ്രമായ വൈകല്യം (ഓട്ടിസം/സെറിബ്രൽ പാൾസി) ഉള്ള കുട്ടികൾ ഉണ്ടെങ്കിൽ പ്രത്യേക പഠന മുറികൾ ലഭ്യമാക്കേണ്ടതാണ്. അധ്യാപക വിദ്യാർത്ഥി അനുപാതം 1 : 2 എന്ന നിലയിലും ക്രമീകരിക്കേണ്ടതാണ്.
6. ബഡ്സ് സ്കൂൾ/ബിആർസികളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും, പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് വിലയിരുത്തുന്നതിനും കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ/ചുമതലയുള്ള അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഓരോ രണ്ട് മാസത്തിലൊരിക്കലെങ്കിലും സ്ഥാപനം സന്ദർശിക്കേണ്ടതും റിപ്പോർട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നല്കേണ്ടതുമാണ്.
7. ബിആർസി വർക്കർ എന്നത് ബിആർസി അധ്യാപിക/അധ്യാപകൻ എന്ന് പുനർനാമകരണം ചെയ്യുന്നു.
8. ബഡ്സ്/ബിആർസി അധ്യാപകർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം(യോഗ്യതകൾ : D.Ed. Special (Autism Spectrum Disorder), Diploma in Early Childhood Special Education (DECSE) (Mental Retardation): D.Ed Special Education (Cerebral Palsy): D.Ed Special Education (Hearing Impairment); D.Ed Special Education (Visual Impairment), Diploma in Community Based Rehabilitation; Diploma in Vocation Rehabilitation) ജി.ഒ.(പി)നം.56/2017/ധന തീയതി 28/04/2017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 9 ൽ പറയുന്ന അസി. ടീച്ചർ വിത് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദി ഹാൻഡിക്കാപ്പ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 30,675/- രൂപ (മുപ്പതിനായിരത്തി അറുനൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.
9. ബഡ്സ്/ബിആർസി അധ്യാപകർക്ക് നിശ്ചിത യോഗ്യത ഇല്ലാത്ത പക്ഷം ജി.ഒ.(പി)നം.56/2017/ധന തീയതി 28.04.2017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 5 ൽ പറയുന്ന അസി. ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദി ഹാൻഡിക്കാപ്പ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 23,100/- രൂപ (ഇരുപത്തി മൂവായിരത്തി ഒരുനൂറ് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.
10. ആയമാർക്ക് ഇതേ ഉത്തരവിലെ അനുബന്ധത്തിൽ കാറ്റഗറി 1 ൽ ആയ വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 17,325/- രൂപ (പതിനേഴായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.
11. നിലവിൽ പ്രവർത്തിക്കുന്നതും 2 വർഷത്തിനുമുകളിൽ പ്രവർത്തിപരിചയവുമുള്ള അധ്യാപകരെ/ആയമാരെ വ്യക്തമായ കാരണങ്ങൾ ഇല്ലാതെ പിരിച്ച് വിടുവാൻ പാടുള്ളതല്ല.
12. തെറാപ്പിസ്റ്റ്, ട്രെയിനർ, ഡോക്ടർ മുതലായവർക്കുള്ള ദിനബത്ത നിലവിലെ സർക്കാർ നിരക്കുകൾക്ക് അനുസരിച്ച് നല്കേണ്ടതാണ്.
13. വർഷാവർഷം ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ബഡ്സ്/ബിആർസി പ്രവർത്തകർക്കും ബാധകമായിരിക്കും.
14. ബഡ്സ്/ബിആർസി അധ്യാപകർക്കും ആയമാർക്കും ബാധകമായ അവധികൾ ചുവടെ ചേർക്കുന്നു.

എ. ആകസ്മിക അവധി	-	12 ദിവസം
ബി. മധ്യവേനൽ അവധി	-	15 ദിവസം (റൊട്ടേഷൻ വ്യവസ്ഥയിൽ)
സി. മെറ്റേണിറ്റി ലീവ്	-	സർക്കാർ ഉത്തരവുകൾ പ്രകാരമുള്ളത്

15. ബഡ്സ്/ബിആർസി കളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, മറ്റ് ഫോമുകൾ എന്നിവ കുടുംബശ്രീ യൂണിറ്റുകളിൽ പ്രിന്റ് ചെയ്ത് കുടുംബശ്രീ വിതരണം ചെയ്യുന്നതാണ്. രജിസ്റ്ററുകൾ കമ്പ്യൂട്ടർവത്കരിക്കുന്നതുവരെ രേഖകൾ കൃത്യമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

16. തനത് ഫണ്ട് കുറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബഡ്സ്/ബിആർസി എന്നിവ നടത്തുന്നതിനുള്ള തുക മറ്റ് സ്രോതസ്സുകളിൽ നിന്നും (ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, എം.പി., എം.എൽ.എ. ഫണ്ട്, സ്പോൺസർഷിപ്പ്) കണ്ടെത്തേണ്ടതാണ്.
17. ബഡ്സ്/ബിആർസി എന്നിവയുടെ ഗുണനിലവാര ക്രമീകരണ ചുമതല ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്കും, ധനവിനിയോഗം, ധനശേഖരണം എന്നിവയ്ക്കുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കുടുംബശ്രീ ചാർജ്ജ് ഓഫീസർ (പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി, മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ മെമ്പർ സെക്രട്ടറി) ക്കും ആയിരിക്കും.
18. നിലവിലെ അധ്യാപകരെ കൂടാതെ പ്രത്യേക അധ്യാപകർ ആവശ്യമുള്ള ബഡ്സ്/ബിആർസി എന്നിവയിലേയ്ക്ക് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ (കുടുംബശ്രീ) തയ്യാറാക്കുന്ന അധ്യാപക ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ നിയമനം നടത്തേണ്ടതാണ്. അധ്യാപകരുടെ ലീവ് തസ്തികകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും താല്ക്കാലിക നിയമനം നടത്താവുന്നതാണ്.
19. യോഗ്യരായവരിൽ (യോഗ്യതകൾ : D.Ed. Special (Autism Spectrum Disorder), Diploma in Early Childhood Special Education (DECSE) (Mental Retardation): D.Ed Special Education (Cerebral Palsy): D.Ed Special Education (Hearing Impairment); D.Ed Special Education (Visual Impairment), Diploma in Community Based Rehabilitation; Diploma in Vocation Rehabilitation) നിന്നും അപേക്ഷ ക്ഷണിച്ച് ജില്ലാതലത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മേൽനോട്ടത്തിൽ പരീക്ഷ/അഭിമുഖം നടത്തി ഒരു അധ്യാപക ലിസ്റ്റ് അതാത് കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർമാർ സൂക്ഷിക്കേണ്ടതാണ്.
20. ഒരു ലിസ്റ്റിന്റെ ആകെ കാലാവധി പരമാവധി 3 വർഷം ആയിരിക്കും. ആയതിന് ശേഷം വീണ്ടും കുടുംബശ്രീ അധ്യാപക ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
21. പരാമർശം 2, 3 ഉത്തരവുകൾ, ടി ഉത്തരവുകളിലെ മറ്റ് വ്യവസ്ഥകൾ നിലനിൽക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്
ഗവ. സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ കുടുംബശ്രീ ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്റർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)
എല്ലാ സിഡിഎസ്/എഡിഎസ്സുകൾക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീർ (വെബ് ആന്റ് ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള ആഡിറ്റ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളത്തിലെ നിലത്തെഴുത്ത് ആശാന്മാർക്കും ആശാട്ടിമാർക്കുമുള്ള (കുടിപ്പള്ളിക്കൂടം) പ്രതിമാസ വേതനം ആയിരം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.367/2018/തസ്വഭവ തിരുവനന്തപുരം, തീയതി: 07.02.2018

പരാമർശം:- 1. സ.ഉ.(സാധാ) നം. 3481/2012 ത.സ്വ.ഭ.വ . തീയതി 15.12.2012
2. പഞ്ചായത്ത് ഡയറക്ടറുടെ 25.10.2017 തീയതിയിലെ ജെ4-35934/17 നമ്പർ കത്ത്

ഉത്തരവ്

കേരളത്തിലെ നിലത്തെഴുത്ത് ആശാന്മാർക്കും ആശാട്ടിമാർക്കുമുള്ള (കുടിപ്പള്ളിക്കൂടം) പ്രതിമാസ വേതനം ആയിരം രൂപയായി ഉയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന 13.07.2011 ലെ നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 1559 പ്രകാരം നിയമസഭയിൽ ഉന്നയിച്ചിരുന്നു. പ്രസ്തുത ചോദ്യത്തിന് നൽകിയ മറുപടി ഉറപ്പ് നമ്പർ 61 ആയി നിയമസഭ പരിഗണിച്ചിരുന്നു. നിലത്തെഴുത്ത് ആശാന്മാർക്കും ആശാട്ടിമാർക്കും പ്രതിമാസ ഗ്രാന്റ് 1000/- രൂപയായി ഉയർത്താമെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ അംഗീകൃത നിലത്തെഴുത്ത് ആശാന്മാരുടെയും ആശാട്ടിമാരുടെയും(കുടിപ്പള്ളിക്കൂടം) പ്രതിമാസ വേതനം 01.11.2017 മുതൽ 1000/-(ആയിരം രൂപ മാത്രം) രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷൂക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ /എൽ ബി എ & എ) കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ് ഡയറക്ടർ, തിരുവനന്തപുരം
റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/കൊച്ചി/കോഴിക്കോട്
തദ്ദേശ സ്വയംഭരണ (ഇ.പി.എ / ഇ.യു/ ഇ.ആർ.എ) വകുപ്പുകൾക്ക്(മേൽ നടപടിയിലേയ്ക്കായി)
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - വികലാംഗ ക്ഷേമ പെൻഷൻ - എൺപതു ശതമാനത്തിലേറെ വൈകല്യമുള്ളവർക്കു പ്രതിമാസ പെൻഷൻ 1300 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്

G.O(Ms)No.61/2018/FIN തീയതി, തിരുവനന്തപുരം, :21./02/2018

പരാമർശം: 04/08/2017 ലെ സ.ഉ.(കൈ) 359/2017/ധന നമ്പർ ഉത്തരവ്

ഉത്തരവ്

2017-18 ലെ ബജറ്റ് പ്രസംഗത്തിൽ എല്ലാ സാമൂഹിക ക്ഷേമ പെൻഷനുകളും 1100 രൂപയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിൻപ്രകാരം വികലാംഗർക്കുള്ള പെൻഷനും മേൽ പരാമർശ പ്രകാരം 1100 രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. എന്നാൽ എൺപതു ശതമാനത്തിലധികം വൈകല്യമുള്ളവർക്ക് അവരുടെ അവശത പരിഗണിച്ചു പെൻഷൻ തുക വർദ്ധിപ്പിച്ചുനൽകണമെന്നു ആവശ്യമുയർന്നിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വികലാംഗ പെൻഷൻ കൈപ്പറ്റുന്ന ഉപഭോക്താക്കളിൽ എൺപതു ശതമാനവും അതിനുമുകളിലും വൈകല്യമുള്ളവർക്കു മാത്രം പ്രതിമാസം 200 രൂപ (ഇരുന്നൂറു രൂപ മാത്രം) വർദ്ധനവ് നൽകി പ്രതിമാസപെൻഷൻ 1300 രൂപ (ആയിരത്തി മുന്നൂറു രൂപ മാത്രം) ആയി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വർദ്ധനവിന് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ് . സേവന സോഫ്റ്റ് വെയറിൽ ഇതിനനുസൃതമായുള്ള മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ഐ. കെ. എം എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ.ബി
ധനകാര്യ ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ ആക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി ,ത.സ്വ .ഭ വകുപ്പ്

സെക്രട്ടറി, സഹകരണ വകുപ്പ്

പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സഹകരണ വകുപ്പ് രജിസ്ട്രാർ, തിരുവനന്തപുരം

ഐ&പിആർഡി ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ക്ഷേമനിധി ബോർഡുകളുടെയും ചീഫ് എക്സിക്യൂട്ടീവുമാർക്ക്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതു ജന സമ്പർക്ക വകുപ്പ്

എക്സി. ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ(ബഡ്ജറ്റ്-ഡി) വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ധനകാര്യ (എസ് എഫ് സി -ബി) വകുപ്പ്

എസ് എഫ് സി-ബി2/ 47/2017/ധന തിരുവനന്തപുരം തീയതി 31/03/2018

സർക്കുലർ

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ - അപേക്ഷയിന്മേൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനോട് പഞ്ചായത്ത് കമ്മിറ്റി വിയോജിക്കുന്ന സാഹചര്യത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 06/11/2017 തിയതിയിലെ സ ഉ(എം എസ്) 483/2017/ധന നമ്പർ ഉത്തരവ്

സാമൂഹ്യ സുരക്ഷാ പെൻഷൻ ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് സമഗ്രമായ സർക്കാർ ഉത്തരവ് സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം, സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിശോധന നടത്തി അർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യമാണെന്നും , ഇത് കൃത്യമായി ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം പ്രാദേശിക സർക്കാർ സെക്രട്ടറിമാരിൽ നിക്ഷിപ്തമാണെന്നും, അതിനാൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയ ശേഷം മാത്രമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂ എന്നും അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെ കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടാകുന്ന നഷ്ടം ടി ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതുമാണെന്നും ഉത്തരവായിരുന്നു. എന്നാൽ അപേക്ഷയിന്മേൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ , അപേക്ഷകൻ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹനല്ല എന്ന് റിപ്പോർട്ട് ചെയ്ത ശേഷവും പ്രാദേശിക സർക്കാരിലെ കമ്മറ്റി അതേ വ്യക്തിക്ക് പെൻഷൻ അനുവദിക്കുന്ന സാഹചര്യം സംബന്ധിച്ച് താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു:

അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രാദേശിക സർക്കാർ കമ്മറ്റിയ്ക്ക് അംഗീകരിക്കാനാകാത്ത സാഹചര്യത്തിൽ പ്രസ്തുത അപേക്ഷ ഒരു പുനരന്വേഷണത്തിന് വിധേയമാക്കേണ്ടതും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, പ്രാദേശിക സർക്കാർ സെക്രട്ടറി, ടി പ്രാദേശിക സർക്കാരിലെ മറ്റൊരു ഗസറ്റഡ് ഉദ്യോഗസ്ഥൻ എന്നിവരുടെ സമിതി അപേക്ഷയിന്മേൽ പുനരന്വേഷണം നടത്തേണ്ടതും പുതിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടതുമാണ്.

2) മേൽ നിർദ്ദേശം എല്ലാ പ്രാദേശിക സർക്കാരുകളും വീഴ്ച കൂടാതെ കണിശമായും പാലിക്കേണ്ടതാണ്.

പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകൾ
സർക്കുലറുകൾ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ 680 581

ഒരുമ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് ലിമിറ്റഡ് തൃശ്ശൂർ 9562625050